بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 7

ലക്കം 34

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ആഗസ്റ്റ് 25/ഹി.ശം. 1401 ളുഹൂർ 25/ഹിജ്റ 1444 മുഹർറം 26


## അല്ലാഹുവിന്റെ വചനം

وَاِذَا صُرِفَتۡ اَبۡصَارُهُمۡ تِلۡقَآءَ اَصۡحٰبِ النَّارِ ۙ قَالُوۡا رَبَّنَا لَا تَجۡعَلۡنَا مَعَ الۡقَوۡمِ الظّٰلِمِيۡنَ ○

(سُوۡرَۃُ الۡاَعۡرَافِ: ۴۸)

‘അവരുടെ(സ്വർഗവാസികളുടെ) കണ്ണുകൾ നരകവാസികളുടെ നേരെ തിരിക്കപ്പെടുമ്പോൾ അവർ പറയും:ഞങ്ങളുടെ നാഥാ നീ ഞങ്ങളെ അധർമകാരികളായ ജനങ്ങളുടെ കൂടെയാക്കരുതേ!’ (7:48)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### മദ്യവിൽപന നിഷിദ്ധം

(2083) ഹദ്റത്ത് അബൂഹുറയ്റ[റ] നിവേദനം. നബി[സ]തിരുമേനി പറഞ്ഞു: മനുഷ്യർക്ക് ഒരു കാലഘട്ടം വരും. അന്ന് മനുഷ്യൻ സമ്പാദിക്കുന്ന ധനം നിഷിദ്ധമോ അനുവദനീയമോ എന്നൊന്നും ഗൗനിക്കുകയില്ല.

(2084) ഹദ്റത്ത് ആഇശ[റ] പറയുന്നു: സൂറത്തു ബഖറയിലെ അവസാനത്തെ സൂക്തം അവതരിപ്പിക്കപ്പെട്ടപ്പോൾ മസ്ജിദിൽവച്ച് നബി[സ] അത് അവർക്ക് ഓതിക്കൊടുത്തു. ശേഷം മദ്യവില്പനടത്തുന്നത് നബി[സ] വിരോധിച്ചു.

### ഖബ്ബാബിന്റെ ഈമാനും സ്ഥൈര്യവും

(2091) ഹദ്റത്ത് ഖബ്ബാബ്[റ] പറയുന്നു: അജ്ഞാന കാലത്ത് ഞാനൊരു കൊല്ലനായിരുന്നു. ആസ്വിബ് ബിൻ വാഇൽ എനിക്കൊരു സംഖ്യ കടം തരാനുണ്ടായിരുന്നു. ഞാൻ അത് ആവശ്യപ്പെട്ടുകൊണ്ട് അയാളെ സമീപിച്ചു. അയാൾ പറഞ്ഞു: നീ മുഹമ്മദിനെ നിഷേധിക്കും വരേക്കും നിന്റെ സംഖ്യ ഞാൻ തരികയില്ല. അപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹു നിന്നെ മരിപ്പിച്ച് പുനർജീവിപ്പിക്കുംവരേക്കും മുഹമ്മദിനെ ഞാൻ നിഷേധിക്കുകയില്ല. അയാൾ പറഞ്ഞു: എങ്കിൽ ഞാൻ മരിച്ചു വീണ്ടും ജീവിക്കുന്നതുവവരെ നീയെന്നെ വിട്ടേക്കുക. അന്നെനിക്ക് ധാരാളം ധനവും സന്താനവും കൈവരും. അപ്പോൾ നിന്റെ കടം ഞാൻ വീട്ടാം. *(ബുഖാരി, വാല്യം 4, കിതാബുൽബുയൂഅ്, പ്രസാധനം 2008 ഖാദിയാൻ)*

## ഈ ലക്കത്തിൽ


ജുമുഅ ഖുത്ബ
22 ജൂലായ് 2022
സമ്പൂർണ പരിഭാഷ

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ
യൂറോപ്പ് പര്യടനം


✻✻✻✻

**അഹോ കഷ്ടം! ആത്മാവിന്റെ ആനന്ദം എതു വസ്തുവിലാണെന്ന് ലോകത്തിന് മനസ്സിലായിരുന്നെങ്കിൽ! പിന്നീട് അവർക്ക് അത് വിശുദ്ധ ഖുർആനിൽ, വിശുദ്ധ ഖുർആനിൽ മാത്രമാണുള്ളതെന്ന് മനസ്സിലാകുമായിരുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

ഇക്കാലത്ത് ലോകം ഭൗതിക വിദ്യാഭ്യാസത്തിലേക്ക് കൂടുതൽ കുനിഞ്ഞിരിക്കുന്നതായി ഞാൻ കാണുന്നു. പാശ്ചാത്യ വെളിച്ചം ലോകത്തെ തങ്ങളുടെ പുതിയ കണ്ടുപിടിത്തങ്ങൾകൊണ്ടും പ്രവൃത്തികൾകൊണ്ടും അത്ഭുതപ്പെടുത്തിവെച്ചിരിക്കുന്നു. മുസ്‌ലിമീങ്ങളും തങ്ങളുടെ പുരോഗതിയുടേയും ക്ഷേമത്തിന്റേയും ഏതെങ്കിലും വഴി ചിന്തിച്ചിട്ടുണ്ടെങ്കിൽ, ദൗർഭാഗ്യവശാൽ ചിന്തിച്ചത് പാശ്ചാത്യദേശത്ത് കഴിയുന്നവരെ തങ്ങളുടെ ഇമാമാക്കുകയും യൂറോപ്പിനെ അന്ധമായി അനുകരിക്കുന്നതിൽ അഭിമാനം കൊള്ളുകയും ചെയ്യുക എന്നതാണ്. ആധുനികമായ വെളിച്ചത്തിന്റെ മുസ്‌ലിമീങ്ങളുടെ അവസ്ഥ ഇതാണ്. ആരാണോ പഴയ ഫാഷന്റെ മുസ്‌ലിം എന്നു പറയപ്പെടുകയും തങ്ങളെ സ്വയം ദൃഢഗാഢമായ ദീനിന്റെ സഹായികളായി മനസ്സിലാക്കുകയും ചെയ്യുന്നത് അവരുടെ മുഴുവൻ ആയുസ്സിന്റേയും സമ്പാദ്യത്തിന്റേയും ചുരുക്കവും ആകെ സത്തും അറബി ഭാഷാ വ്യാകരണത്തിന്റെ തർക്കവിതർക്കങ്ങളിൽ കുടുങ്ങികിടക്കുക എന്നതാണ്. ‘ള്വാല്ലീൻ’ എന്ന പദത്തിന്മേലുള്ള കസറത്താണ്. വിശുദ്ധ ഖുർആനിലേക്ക് തരിമ്പും ശ്രദ്ധയില്ല. ഇനിയുണ്ടെങ്കിൽത്തന്നെ ആത്മശുദ്ധീകരണത്തിലേക്ക് ശ്രദ്ധയുണ്ടാകുന്നില്ല.

അതേ, ആത്മസംസ്കരണത്തിന്റെ വാദമുന്നയിക്കുന്ന ഒരു കക്ഷിയുണ്ടെങ്കിൽ അവർ സ്വൂഫികളുടേയും സിദ്ധന്റെ പീഠത്തിലിരിക്കുന്നവരുടേയും സംഘമാണ്. എന്നാൽ, അവർ വിശുദ്ധ ഖുർആൻ ഉപേക്ഷിച്ചു. തങ്ങളുടേതായവഴി ആവിഷ്കരിക്കുകയും ചെയ്തു. ചിലർ തപോയജ്ഞങ്ങൾ ചെയ്യുന്നു. ചിലർ ഇല്ലല്ലായുടെ മുദ്രാവാക്യം മുഴക്കുന്നു. ചിലർ നഫിയെ അഥ്ബാത്ത്, തവജ്ജു, ഹബ്സെ ദം തുടങ്ങിയവയിൽ(ഇതെല്ലാം സ്വൂഫികളുടെ ചില ക്രിയകളാണ്) അകപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ നബി[സ]തിരുമേനിയിൽനിന്ന് സ്ഥിരപ്പെടാത്തതായ മാർഗങ്ങൾ അവർ കണ്ടുപിടിച്ചിരിക്കുന്നു. വിശുദ്ധ ഖുർആനിന്റെ ഉദ്ദേശ്യവും ഇതല്ല. നുബുവ്വത്ത് അത്തരം മാർഗങ്ങൾ ഇഷ്ടപ്പെട്ടിട്ടുമില്ല. ചുരുക്കത്തിൽ ഓർമവെക്കേണ്ടകാര്യം മനുഷ്യൻ ഒരു പരിശുദ്ധമാറ്റം വരുത്താത്തിടത്തോളം, ആത്മസംസ്കരണം നടത്താത്തിടത്തോളം വിശുദ്ധ ഖുർആനിന്റെ ജ്ഞാനങ്ങളിലും മഹിമാവിശേഷങ്ങളിലും അറിവു കിട്ടുകയില്ല. ആത്മാവിന്റെ ദാഹത്തെ ശമിപ്പിക്കുന്ന പോയന്റുകളും യാഥാർഥ്യങ്ങളും വിശുദ്ധ ഖുർആനിലുണ്ട്.

അഹോ കഷ്ടം! ആത്മാവിന്റെ ആനന്ദം എതു വസ്തുവിലാണെന്ന് ലോകത്തിന് മനസ്സിലായിരുന്നെങ്കിൽ! പിന്നീട് അവർക്ക് അത് വിശുദ്ധ ഖുർആനിൽ, വിശുദ്ധ ഖുർആനിൽ മാത്രമാണുള്ളതെന്ന് മനസ്സിലാകുമായിരുന്നു.

*(മൽഫൂദാത്ത് വാല്യം 1, പേജ് 385, പ്രസാധനം ഖാദിയാൻ 2018)*

**ഉടമ്പടികളുടെ നിർവഹകണം ദേശീയമായ ഐക്യത്തിന്റെ സ്ഥാപനത്തിന് വളരെ അനിവാര്യമാണ്. അതുകൊണ്ട് ആകുന്നിടത്തോളം, മനുഷ്യൻ പരസ്പരമുള്ള വിശ്വാസം നിലനിൽക്കാനും ഇഷ്ടത്തോടും താൽപര്യത്തോടും പരസ്പര സഹായത്തിന് തയ്യാറാകുന്നതിനും ജനത അഭിവൃദ്ധിപ്പെടുന്നതിനും തന്റെ വാഗ്ദാനങ്ങൾ പൂർത്തിയാക്കേണ്ടതാണ്.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] സൂറ നഹ്ലിലെ ***വലാ തകൂനൂ കല്ലത്തീ നഖളത്ത് ഗസലഹാ മിൻ ബഅ്ദി ഖുവ്വത്തിൻ അൻകാഥാ– തത്തഖിദൂന അയ്മാനക്കും ദഖ്ലൻ ബയ്നക്കും അൻതകൂന ഉമ്മത്തുൻ ഹിയ അർബാ മിൻ ഉമ്മത്തിൻ ഇന്നമാ യബ്‌ലൂക്കുമുല്ലാഹു ബിഹീ വലയുബയ്യിനന്നലക്കും യൗമൽഖിയാമത്തി മാ കുൻതും ഫീഹി തഖ്തലിഫൂൻ*** (ഒരു കൂട്ടർ മറ്റൊരു കൂട്ടരെക്കാൾ ശക്തരാകാതിരിക്കാൻ വേണ്ടി നിങ്ങളുടെ ശപഥങ്ങളെ നിങ്ങളുടെയിടയിൽ വഞ്ചനക്ക് മാർഗമാക്കിക്കൊണ്ട് തന്റെ നൂൽനൂറ്റ് അതിനെ ശക്തമായി പിരിച്ചതിനുശേഷം(തിരിയെ അഴിച്ച്)ഇഴകളായി വേർപ്പെടുത്തിയ ഒരുവളെപ്പോലെ നിങ്ങളാകരുത്. നിശ്ചയമായും അല്ലാഹു അതുകൊണ്ട് പരീക്ഷിക്കുകയാണ്. നിങ്ങൾ ഏതൊരു കാര്യത്തിൽ ഭിന്നിച്ചുകൊണ്ടിരുന്നുവോ അക്കാര്യത്തെ പുനരുഥാന നാളിൽ അല്ലാഹു നിങ്ങൾക്ക് വ്യക്തമാക്കിത്തരുന്നതാണ്) എന്ന 93-ാമത്തെ വചനത്തിന് നല്കിയ തഫ്സീറിൽ പറയുന്നു:

ഈ ആയത്തിനെ ഒരു പുതിയ വഷയമായും നിശ്ചയിക്കാവുന്നതാണ്. കഴിഞ്ഞ ആയത്തിലെ വിഷയത്തിന്റെ തുടർച്ചയാണിതെന്നും പറയാവുന്നതാണ്. മുമ്പേയുള്ള ആയത്തിലെ വിഷയത്തിന്റെ തുടർച്ച തന്നെയാണ് ഇതെന്ന് മനസ്സിലാക്കുകയാണെങ്കിൽ ഇതിന്റെ അർഥം ഇങ്ങനെയാകും, പരസ്പരമുള്ള ഉടമ്പടികളെ പൂർണമായ നിലയിൽ നിറവേറ്റുക. നിങ്ങൾ ഈ ഉടമ്പടികൾ ലംഘിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്കായി ഉണ്ടാക്കിയിട്ടുള്ള ശക്തമായ ജമാഅത്ത് തകർന്നുപോകും. പരസ്പരമുള്ള വിശ്വാസം നഷ്ടപ്പെടുകയും ചെയ്യും. ഉടമ്പടികളുടെ നിർവഹകണം ദേശീയമായ ഐക്യത്തിന്റെ സ്ഥാപനത്തിന് വളരെ അനിവാര്യമാണ്. കാരണം ജമാഅത്തിന്റെ സ്ഥാപനം പരസ്പരമുള്ള സൽപെരുമാറ്റത്തിൽ അധിഷ്ഠിതമാണ്. സൽപെരുമാറ്റം നിലകൊള്ളുന്നത് ജനങ്ങൾ ഉടമ്പടികൾ പാലിക്കുന്നതുവരെയാണ്. ആളുകൾ ഉടമ്പടികൾ പൂർത്തിയാക്കുന്നില്ലെങ്കിൽ ആദ്യം നിരാശയും പിന്നീട് തെറ്റായധാ

ശേഷം പേജ് 10ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ഈ യുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്കുണ്ടായ വിജയത്തിനുള്ള ഒരു വലിയ കാരണം ഹദ്റത്ത് അബൂബക്ർ(റ) ഇറാഖിലെ കൃഷിക്കാരെ സംബന്ധിച്ചുണ്ടാക്കിയ നയം കൂടിയായിരുന്നു. അത് ഖാലിദ് കൃത്യമായി പാലിക്കുകയും ചെയ്തു. ഈ നയപ്രകാരം അദ്ദേഹം കൃഷിക്കാരെ പ്രതിരോധിക്കാനൊന്നും പോയില്ല. അവർ താമസിച്ചിരുന്ന ഇടങ്ങളിൽത്തന്നെ അവർക്ക് താമസിക്കാൻ അനുമതി കൊടുക്കുകയും ചെയ്തു. നിസാരമായ ജിസ്‌യ അല്ലാതെ മറ്റെന്തെങ്കിലും പിഴകളോ നികുതികളോ അവരിൽനിന്ന് ഈടാക്കുകയും ചെയ്തില്ല.**

**നബി(സ) തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ഖുത്ബ ജുമുഅ 2022 ജൂലായ് 22/1401 വഫാ 22,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു, ഇന്ന് ഞാൻ ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഇറാനികൾക്കെതിരെ ഉണ്ടായ നീക്കങ്ങളെ കുറിച്ച് വിവരിക്കുന്നതാണെന്ന്. ആ പരമ്പരയിൽ ഒരു യുദ്ധമുണ്ടായി. അത് ദാത്തുസ്സലാസിൽ അല്ലെങ്കിൽ കാളിമയുദ്ധം എന്നാണ് അറിയപ്പെടുന്നത്. ഇത് ഹിജ്റ 12-ാം വർഷം മുഹർറമാസത്തിലാണ് നടന്നത്. ഈ യുദ്ധം മൂന്നു പേരുകളിൽ അറിയപ്പെടുന്നുണ്ട്. ദാത്തുസ്സലാസിൽ യുദ്ധം, കാളിമയുദ്ധം, ഹഫീർ യുദ്ധം. ഈ യുദ്ധം ദാത്തുസ്സലാസിൽ അഥവാ ചങ്ങലയുദ്ധം എന്നറിയപ്പെടുന്നതിന് കാരണം എന്തെന്നാൽ, അറബി ഭാഷയിൽ സിൽസില എന്ന് പറയുന്നത് ചങ്ങലക്കാണ്. അതിന്റെ ബഹുവചനരൂപമാണ് സലാസിൽ. ഈ യുദ്ധത്തിൽ ഇറാനിയൻ സൈനികർ, ആരും പിന്തിരിഞ്ഞോടിപ്പോകാതിരിക്കാൻ വേണ്ടി തങ്ങളെ ചങ്ങലകൾകൊണ്ടു ബന്ധിച്ചിരുന്നു. ദാത്തുസ്സലാസിലിന്റെ ഈ നിവേദനത്തെ ചില ചരിത്രകാരന്മാർ അംഗീകരിക്കുന്നില്ല. ഈ യുദ്ധം മുസ്‌ലിമീങ്ങളും ഇറാനികളും തമ്മിൽ കാളിമ എന്ന സ്ഥലത്തിനടുത്ത് വെച്ചാണ് നടന്നത്. അതുകൊണ്ട് ഇത് കാളിമ യുദ്ധം എന്ന് അറിയപ്പെടുന്നത്.കാളിമ,ബസ്റയിൽനിന്ന് ബഹ്റയ്നിലേക്ക് പോകുന്ന വഴിയിൽ ബഹ്ർ സയ്ഫുൽബഹ്റിലുള്ള ഒരു നാടാണ്. *(സീറത്ത് സയ്യിദുനാ സിദ്ദീഖെ അക്ബർ, ഉസ്താദ് ഉമർ അബുന്നസ്ർ, പേജ് 664)(അൽകാമിൽ ഫിത്താരീഖ് വാള്യം 2, പേജ് 239, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2003)(അബൂബക്ർ സിദ്ദീഖെ അക്ബർ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ മുത്തർറജിം, ശെയ്ഖ് മുഹമ്മദ് അഹ്മദ് പാനിപ്പത്തി, പേജ് 272, ഇൽമോ ഇർഫാൻ പബ്ലീഷേർസ്സ് ലാഹോർ 2004)(മുഅ്ജമുൽ ബുൽദാൻ വാള്യം 4, പേജ് 488)*

ഹഫീർ എന്ന പ്രദേശത്തുവെച്ച് നടന്നതുകൊണ്ട് ഇത് ഹഫീർ യുദ്ധം എന്നും അറിയപ്പെടുന്നു. *(അസ്സിദ്ദീഖ്, പേജ് 127, മുസ്വന്നിഫ പ്രൊഫസർ അലി മുഹമ്മദുസിദ്ദീഖി)*

ഈ യുദ്ധത്തിൽ മുസ്‌ലിമീങ്ങളുടെ സൈന്യാധിപൻ ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ആയിരുന്നു. ഇറാനിയൻ സൈന്യത്തലവന്റെ പേര് ഹുർമുസ് എന്നായിരുന്നു. മുസ്‌ലിമീങ്ങളുടെ സൈന്യബലം പതിനെണ്ണായിരമായിരുന്നു. *(താരീഖ് അത്ത്വബരി വാള്യം 2, പേജ് 309, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

കഴിഞ്ഞ ഖുത്ബകളിൽ പരാമർശിച്ചിരുന്നതുപോലെ ഇറാനികളുടെ ഭാഗത്തുനിന്നുള്ള ഈ പ്രദേശത്തിന്റെ ഭരണാധിപനായിരുന്നു ഹുർമുസ്. അയാൾ കുടുംബ കുല മഹിമയിലും അന്തസ്സിലും ആഭിജാത്യത്തിലുമൊക്കെ മറ്റു ഇറാനിയൻ നേതാക്കന്മാരെക്കാളും മീതെയായിരുന്നു. ഇറാനിലെ പ്രമുഖരായ ആളുകൾ സാധാരണ തൊപ്പിക്കു പകരം വിലപ്പിടിപ്പുള്ള തൊപ്പികളാണ് ധരിച്ചിരുന്നത്. കുടുംബ കുല മഹിമയിലും അന്തസ്സിലുമെല്ലാം എത്ര ഉന്നത നിലവാരത്തിലാണോ അതനുസരിച്ച് വിലപിടിപ്പുള്ള തൊപ്പി അവർ ധരിച്ചിരുന്നു. ഏറ്റവും വിലകൂടിയ തൊപ്പിയുടെ വില ഒരു ലക്ഷം ദിർഹം ആയിരുന്നു. അത് അന്തസ്സിലും ആഭിജാത്യത്തിലും ഉന്നത നിലവാരത്തിലുള്ള ആളുകളാണ് ധരിച്ചിരുന്നത്. ഹുർമുസിന്റെ തൊപ്പിയുടെ വില ഒരു ലക്ഷം ദിർഹമായിരുന്നുവെന്നതിൽ നിന്നുതന്നെ അയാളുടെ സ്ഥാനത്തെ കുറിച്ച് ഊഹിക്കാവുന്നതേയുള്ളു.

ഇറാനികൾക്കിടയിൽ അയാളുടെ ഔന്നത്യം സർവ്വസമ്മതമായിരുന്നു. എന്നാൽ, ഇറാഖിന്റെ പ്രാന്തപ്രദേശങ്ങളിൽ താമസിച്ചിരുന്ന അറബികൾ അയാളെ വെറുപ്പോടുകൂടിയാണ് കണ്ടിരുന്നത്. കാരണം അയാൾ അറേബ്യൻ അതിർത്തികളിലുണ്ടായിരുന്ന ഭരണാധികാരികളിൽവെച്ച് ഏറ്റവുമധികം കാഠിന്യവും അക്രമവും ചെയ്യുന്ന ആളായിരുന്നു. അറബികൾക്ക് അയാളോട് എത്രമാത്രം വെറുപ്പുണ്ടായിരുന്നുവെന്നാൽ മുസ്‌ലിമീങ്ങൾ അല്ലാത്ത അറബികൾ എന്തെങ്കിലും മോശമായ കാര്യത്തെ കുറിച്ച് പരാമർശിക്കുമ്പോൾ ഹുർമുസിന്റെ പേര് ശൈലി എന്ന നിലക്ക് ഉപയോഗിച്ച് വന്നിരുന്നു. അവർ ഇങ്ങനെ പറയുമായിരുന്നു: 'ഇന്ന വ്യക്തി ഹുർമുസിനെക്കാളും വൃത്തികെട്ടവനാണ്. ഇന്ന വ്യക്തി ഹുർമിസിനെക്കാളും മോശക്കാരനാണ്, മോശപ്രകൃതമുള്ളവനാണ്. ഇന്ന വ്യക്തി ഹുർമുസിനെക്കാളും നന്ദി കെട്ടവനാണ്.' അതുകൊണ്ടുതന്നെ ഹുർമുസിന് അറബികളുമായി കൂടെക്കൂടെ ഏറ്റുമുട്ടേണ്ടി വരുമായിരുന്നു. മറുഭാഗത്ത് ഹുർമുസിന് ഇന്ത്യയിലെ കടൽക്കൊള്ളക്കാരുമായും പൊരുതേണ്ടി വന്നിരുന്നു. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്,(മുത്തർറജിം) മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ പേജ് 269-270)*

ഏതായിരുന്നാലും ഹദ്റത്ത് ഖാലിദ് ബിൻ വലീദ്, യമാമയിൽനിന്ന് പുറപ്പെടുന്നതിനു മുമ്പേ ഹുർമുസിന് ഒരു കത്തയച്ചിരുന്നു. അദ്ദേഹം തന്റെ കത്തിൽ ഇങ്ങനെ എഴുതി: 'അമ്മാ ബഅ്ദ്; അനുസരിക്കുകയാണെങ്കിൽ സുരക്ഷിതനാകുന്നതാണ്. സ്വന്തം നിലയ്ക്കും തന്റെ സമൂഹത്തിന്റേയും സംരക്ഷണത്തിനുള്ള ജാമ്യം നേടുക. ജിസ്‌യ കൊടുക്കാൻ തയ്യാറാകുക. അല്ലെങ്കിൽ നിനക്ക് നിന്നെത്തന്നെയല്ലാതെ മറ്റാരെക്കുറിച്ചും പരാതിപ്പെടാൻ കഴിയുന്നതല്ല.

'ഞാൻ നിന്നെ എതിരിടുന്നതിന് വേണ്ടി കൊണ്ടുവന്ന സമൂഹം മരണത്തെ, നിങ്ങൾ ജീവിതത്തെ ഇഷ്ടപ്പെടുന്നതുപോലെ ഇഷ്ടപെടുന്നവരാണ്.' *(താരീഖ് അത്ത്വബരി വാള്യം 2, പേജ് 309, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ഹദ്റത്ത് ഖാലിദിന്റെ കത്ത് ഹുർമുസിന് കിട്ടിയപ്പോൾ അയാൾ അർദശീർ അതായത് കിസ്റാ രാജാവിന് അതേ കുറിച്ച് അറിയിപ്പ് കൊടുക്കുകയും, അയാൾ തന്റെ സൈന്യങ്ങളെ സ്വരുക്കൂട്ടി വളരെ ശീഘ്രഗതിയിൽ നീങ്ങുന്ന ഒരു സൈന്യവുമായി ഉടൻ തന്നെ ഹദ്റത്ത്

ഖാലിദിനെ നേരിടാൻ കാളിമയിൽ എത്തുകയും ചെയ്തു. അയാൾ തന്റെ കുതിരകളുമായി മുന്നോട്ട് ഗമിച്ചു. പക്ഷേ, അയാൾക്ക് വഴിയിൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ കണ്ടെത്താൻ കഴിഞ്ഞില്ല. മാത്രമല്ല മുസ്ലിമീങ്ങളുടെ സൈന്യം ഹഫീറിൽ സംഘടിക്കുന്നുവെന്ന് അയാൾക്ക് അറിയിപ്പും കിട്ടി. അയാൾ തിരിച്ച് ഹഫീറിലേക്ക് പുറപ്പെട്ടു. ഹഫീർ ബസ്റയിൽനിന്ന് മക്കയിലേക്ക് പോകുന്ന വഴിയിലുള്ള ആദ്യത്തെ താവളമാണ്. അവിടെ എത്തിയതും തന്റെ സൈന്യത്തെ അണിനിരത്തി. ഹുർമുസ് തന്റെ ഇടത്തും വലത്തും സഹോദരങ്ങളായ രണ്ടുപേരെയാണ് നിറുത്തിയത്. അതിൽ ഒരാളുടെ പേര് ഖുബാദ് എന്നും മറ്റേ ആളുടെ പേര് അനൂശജാന എന്നുമായിരുന്നു. ഇറാനികൾ തങ്ങളെ ചങ്ങലയിൽ ബന്ധിച്ചിട്ടുണ്ടായിരുന്നു. ഒരു രിവായത്തിൽ ഇങ്ങനെ തന്നെയാണ് വിവരിച്ചിട്ടുമുള്ളത്. പറയപ്പെടുന്നത് ആ അവസരത്തിൽ ഇതിന് എതിരഭിപ്രായമുണ്ടായിരുന്ന ആളുകൾ ഈ കാഴ്ച കണ്ടപ്പോൾ അവരോട് പറഞ്ഞു: 'നിങ്ങൾ ശത്രുക്കൾക്കുവേണ്ടി സ്വയം നിങ്ങളെ ചങ്ങലയിൽ ബന്ധിച്ച് കൊടുക്കുകയാണോ. ഇങ്ങനെ ചെയ്യരുത്. ഇത് ദുശ്ശകുനമാണ്.' അപ്പോൾ അതിന് അനുകൂലമായിട്ടുള്ള ആളുകൾ പറഞ്ഞു: 'ചങ്ങലയിൽ ബന്ധിതരാകേണ്ടതാണ്. നിങ്ങളെ സംബന്ധിച്ച്, നിങ്ങൾ ഓടി രക്ഷപ്പെടാനുള്ള തീരുമാനത്തിലാണ് എന്ന് ഞങ്ങൾക്കറിയാം.' ഹദ്റത്ത് ഖാലിദ്, ഹഫീറിൽ എത്തിയെന്ന് ഹുർമുസ് അറിഞ്ഞപ്പോൾ ഹദ്റത്ത് ഖാലിദ് തന്റെ സൈന്യത്തെ കാളിമയിലേക്ക് തിരിച്ചു. ഹുർമുസ് അതേകുറിച്ച് അറിഞ്ഞപ്പോൾ കാളിമയിലേക്ക് പോകുകയും അവിടെ തമ്പടിക്കുകയും ചെയ്തു. ഹുർമുസും അയാളുടെ സൈന്യവും അണിനിരന്നു. കുടിവെള്ളം അവരുടെ നിയന്ത്രണത്തിലാ യിരുന്നു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് എത്തിയപ്പോൾ അദ്ദേഹത്തിന് വെള്ളമില്ലാത്ത സ്ഥലത്ത് തമ്പടിക്കേണ്ടി വന്നു. കൂടെയുള്ളവർ അതേകുറിച്ച് പരാതിയും പറഞ്ഞു. അദ്ദേഹത്തിന്റെ വിളിയാൾ ഇങ്ങനെ വിളംബരപെടുത്തി. 'എല്ലാവരും ഇറങ്ങുക. സാധനസാമഗ്രികൾ താഴേക്കിറക്കുക. ശത്രുക്കളുമായി വെള്ളത്തിനു വേണ്ടി പൊരുതുക. അല്ലാഹുവാണ്! രണ്ടുകൂട്ടരിലുംവെച്ച് കൂടുതൽ സ്ഥൈര്യം കാണിക്കുന്നവർക്കും സൈന്യങ്ങളിൽവെച്ച് കൂടുതൽ അന്തസ്സുള്ള സൈന്യത്തിനും വെള്ളത്തിന്റെ നിയന്ത്രണം ലഭിക്കുന്നതാണ്.' അങ്ങനെ സാധനസാമഗ്രികൾ ഇറക്കിവെച്ചു. സൈന്യത്തിന്റെ വാഹന വ്യൂഹം അവിടെതന്നെ നിൽക്കുകയും കാലാൾപ്പട മുന്നോട്ട് ഗമിക്കുകയും ചെയ്തു. അവർ ശത്രുക്കളെ ആക്രമിച്ചു. രണ്ടു ഭാഗത്തും യുദ്ധം ആരംഭിച്ചു. അല്ലാഹു അതോടൊപ്പം തന്നെ ഒരു സഹായവും അയക്കുകയുണ്ടായി. മുസ്ലിമീങ്ങളുടെ അണികൾക്കു പിൻഭാഗത്ത് മഴ പെയ്തു. അതുമുഖേന മുസ്ലിമീങ്ങൾക്കു ശക്തി ലഭിക്കുകയും ചെയ്തു. ഹുർമുസ് ഖാലിദിനെതിരിൽ ഒരു ഗൂഢ പദ്ധതി തയ്യാറാക്കിയിരുന്നു. അയാൾ തന്റെ പ്രതിരോധ സംഘത്തോടു പറഞ്ഞു. അയാൾ ഖാലിദിനെ ദ്വന്ദയുദ്ധത്തിനുവേണ്ടി വിളിക്കുന്നതാണ്. അതായത് ഞാൻ അദ്ദേഹത്തെമല്ലയുദ്ധത്തിൽസക്രിയമാക്കുമ്പോൾ നിങ്ങൾ ഓർക്കാപ്പുറത്ത് രഹസ്യമായി ഖാലിദിനുമേൽ ആക്രമണം നടത്തണം. അതിനുശേഷം ഹുർമുസ് യുദ്ധമുഖത്തേക്ക് വന്നു. ഹദ്റത്ത് ഖാലിദ് തന്റെ കുതിരയിൽനിന്ന് ഇറങ്ങി. ഹുർമുസും കുതിരപ്പുറത്തു നിന്നിറങ്ങി. അയാൾ ഖാലിദിനെ പൊരുതാൻ ക്ഷണിച്ചു. ഹദ്റത്ത് ഖാലിദ് അയാളുടെ അടുത്തേക്കു നടന്നു പോയി. രണ്ടുപേരും തമ്മിൽ യുദ്ധം തുടങ്ങി. ഹദ്റത്ത് ഖാലിദ് ഹുർമുസിനെ നല്ലപോലെ വരിഞ്ഞുമുറുക്കി. അപ്പോൾ ഹുർമുസിന്റെ പ്രതിരോധസംഘം വഞ്ചന കാണിച്ച് കൊണ്ട് ഹദ്റത്ത് ഖാലിദിനെ ആക്രമിക്കുകയും അദ്ദേഹത്തെ തങ്ങളുടെ വലയത്തിലാക്കുകയും ചെയ്തു. ഇങ്ങനെ രണ്ടുപേർ പരസ്പരം ഏറ്റുമുട്ടുമ്പോൾ മറ്റുള്ളവർ ആരും ആക്രമിക്കാൻ പാടില്ലാത്തതാണ്. പക്ഷേ, അയാളുടെ സൈന്യം അദ്ദേഹത്തെ ആക്രമിച്ചു. എന്നിട്ടും ഹദ്റത്ത് ഖാലിദ് ഹുർമുസിന്റെ കഥ കഴിച്ചു.

ഹദ്റത്ത് ഖഅ്ഖാഅ് ബിൻ അംറ് ഇറാനികളുടെ ഈ വഞ്ചന കണ്ടപ്പോൾ ഹുർമുസിന്റെ പ്രതിരോധ സംഘത്തെ ആക്രമിച്ചു. അവരെ വളയുകയും മരണത്തിന്റെ നിദ്രയിലേക്ക് തള്ളിവിടുകയും ചെയ്തു. ഇറാനികൾ സമ്പൂർണമായി പരാജയപ്പെട്ടു. അവർ പിന്തിരിഞ്ഞോടി. ഈ ഓടുന്നവരിൽ ഖുബാദും അനൂശജാനയുമുണ്ടായിരുന്നു. മുസ്ലിമീങ്ങൾ രാത്രിയുടെ അന്ധകാരത്തിലും ഇറാനികളെ പിന്തുടരുകയും യൂഫ്രട്ടീസിന്റെ പാലംവരെ അതായത് ഇന്ന് ബസ്റയുള്ള സ്ഥലംവരെ അവരെ കൊന്നൊടുക്കുകയും ചെയ്തു. യുദ്ധാവസാനം ഹദ്റത്ത് ഖാലിദ് സമരാർജ്ജിത സ്വത്തുക്കൾ സ്വരുക്കൂട്ടി. അതിൽ ഒരു ഒട്ടകത്തിന്റെ അത്രയും ഭാരമുള്ള ചങ്ങലകളുമുണ്ടായിരുന്നു. അതിന്റെ ഭാരം ആയിരം റാത്തൽ ആയിരുന്നു. അതായത് ചങ്ങലകൾ ഏറെക്കുറെ മുന്നൂറ്റി എഴുപത്തിയഞ്ചു കിലോ ഉണ്ടായിരുന്നു. അത് സമരാർജ്ജിത സ്വത്തുക്കളിൽ ഹദ്റത്ത് അബൂബക്റിന് അയച്ചുകൊടുത്തു. അക്കൂട്ടത്തിൽ ഹുർമുസിന്റെ ഒരു ലക്ഷം ദിർഹം വിലയുള്ള ആഭരണങ്ങളാൽ അലംകൃതമായ തൊപ്പിയുമുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) ഈ തൊപ്പി ഹദ്റത്ത് ഖാലിദ് ബിൻ വലീദിന് സമ്മാനിച്ചു. ഹദ്റത്ത് ഖാലിദ് വിജയസുവാർത്തയും സമരാർജ്ജിത സ്വത്തിന്റെ അഞ്ചിലൊന്നും ഒരു ആനയെയും മദീനയിലേക്കയച്ചു. എല്ലാ ഭാഗത്തും ഇസ്ലാമിക സൈന്യത്തിന്റെ വിജയം വിളംബരപ്പെടുത്തി. സിർറ ബിൻ കുലയ്ബ് അഞ്ചിലൊന്ന് സ്വത്തും ആനയേയുംകൊണ്ട് മദീനയിലെത്തി. മദീനക്കാർക്ക് അതിനുമുമ്പേ ആനയെ കാണാൻ അവസരം ഉണ്ടായിട്ടില്ല. മദീനക്കാരുടെ കാര്യം മാത്രമല്ല അറേബ്യയിലുള്ളവരും അബ്റഹത്തിന്റെ ആനകളെയല്ലാതെ പിന്നീടു അന്നുവരെയും ആനയുടെ രൂപം പോലും കണ്ടിട്ടുണ്ടായിരുന്നില്ല. ജനങ്ങൾക്ക് കാണിച്ചു കൊടുക്കുന്നതിനുവേണ്ടി അതുമായി പട്ടണത്തിൽ മുഴുവനും ചുറ്റുകയുണ്ടായി. വൃദ്ധ സ്ത്രീകൾ ആനയെ കണ്ടപ്പോൾ വളരെ അത്ഭുതപ്പെട്ടുകൊണ്ട്, തങ്ങൾ ഈ കാണുന്നത് അല്ലാഹുവിന്റെ സൃഷ്ടി തന്നെയാണോ എന്ന് പറയുകയുണ്ടായി. അവർ കരുതിയത് അത് വല്ല കൃത്രിമ വസ്തുവായിരിക്കുമെന്നാണ്. ആ ആനയെ ഹദ്റത്ത് അബൂബക്ർ(റ) സിർറയോടൊപ്പം ഖാലിദിന്റെ അടുത്തുതന്നെ തിരികെ അയച്ചു. *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 309-310, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2012)(സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, ഡോക്ടർ അലി മുഹമ്മദ് സ്വലാബി, പേജ് 404-405) (ഹദ്റത്ത് അബൂബക്ർ സിദ്ദീഖെ അക്ബർ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കൽ, പേജ് 271-273)(മുഅ്ജമുൽ ബുൽദാൻ വാല്യം 2, പേജ് 319, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ)(ലുഗാത്തുൽഹദീഥ്, റത്ല് എന്ന പദം, വാല്യം 2, പേജ് 121)*

ഈ യുദ്ധത്തിൽ മുസ്ലിമീങ്ങൾക്കുണ്ടായ വിജയത്തിനുള്ള ഒരു വലിയ കാരണം ഹദ്റത്ത് അബൂബക്ർ(റ) ഇറാഖിലെ കൃഷിക്കാരെ സംബന്ധിച്ചുണ്ടാക്കിയ നയം കൂടിയായിരുന്നു. അത് ഖാലിദ് കൃത്യമായി പാലിക്കുകയും ചെയ്തു. ഈ നയപ്രകാരം അദ്ദേഹം കൃഷിക്കാരെ പ്രതിരോധിക്കാനൊന്നും പോയില്ല. അവർ താമസിച്ചിരുന്ന ഇടങ്ങളിൽത്തന്നെ അവർക്ക് താമസിക്കാൻ അനുമതി കൊടുക്കുകയും ചെയ്തു. നിസാരമായ ജിസ്യ അല്ലാതെ മറ്റെന്തെങ്കിലും പിഴകളോ നികുതികളോ അവരിൽനിന്ന് ഈടാക്കുകയും ചെയ്തില്ല. *(അബൂബക്ർ സിദ്ദീഖെ അക്ബർ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കൽ പേജ് 272, മുത്തർജിം, ശെയ്ഖ് മുഹമ്മദ് അഹ്മദ് പാനിപ്പത്തി, ഇൽമോ ഇർഫാൻ പബ്ലീഷേർസ്സ് ലാഹോർ 2004)*

ദാത്തുസ്സലാസിൽ യുദ്ധത്തിൽ പങ്കെടുത്ത പടയാളികൾക്ക് ആയിരം ദിർഹമിന്റെ ഭാഗം നല്കപ്പെട്ടു. കാലാൾ പടക്ക് അതിന്റെ മൂന്നിലൊന്ന് കൊടുക്കുകയും ചെയ്തു. *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 311, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2012)*

കാളിമ യുദ്ധം ദൂരവ്യാപക ഫലങ്ങൾക്ക് കാരണമായി. ഈ യുദ്ധം മുസ്ലിമീങ്ങളുടെ കണ്ണുകൾ തുറപ്പിച്ചു. അവർ ഇറാനികളുടെ മേൽക്കോയ്മയെ കുറിച്ച് ഒരു നീണ്ടകാലമായി കേട്ടു വരുന്നുണ്ടായിരുന്നു. സർവശക്തിയും ഉണ്ടായിരുന്നിട്ടുപോലും ഇവരുടെ നിസാര സൈന്യത്തിന് മുന്നിൽ അവർക്ക് പിടിച്ച് നിൽക്കാൻ കഴിഞ്ഞില്ല. ഈ യുദ്ധത്തിൽ കിട്ടിയ സമരാർജ്ജിത സ്വത്തുക്കളെ കുറിച്ച് അവർക്ക് ചിന്തിക്കാൻപോലും കഴിയുമായിരുന്നില്ല. *(അബൂബക്ർ സിദ്ദീഖെ അക്ബർ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കൽ പേജ് 272, മുത്തർജിം, ശെയ്ഖ് മുഹമ്മദ് അഹ്മദ് പാനിപ്പത്തി, ഇൽമോ ഇർഫാൻ പബ്ലീഷേർസ്സ് ലാഹോർ 2004)*

അടുത്തത് ഉബല്ലഹ് യുദ്ധത്തിന്റെ സ്മരണയാണ്. ഇത് ഹിജ്റ പന്ത്രണ്ടാം വർഷമാണ് നടന്നത്. ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് ഖാലിദിനോട് ഇറാഖിൽ ഉബല്ലഹ് എന്ന സ്ഥലത്തു നിന്ന് യുദ്ധം

തുടങ്ങാനാണ് നിർദേശിച്ചത്. ഇത് പേർഷ്യയുടെ ഒരു അതിർത്തി പ്രദേശമാണ്. ഇന്ത്യയിലേക്കും സിന്ധിലേക്കും ഇറാഖിൽനിന്ന് പോയിരുന്ന വാണിജ്യ സംഘങ്ങൾ ഏറ്റവുമാദ്യം ഉബല്ലഹ് എന്ന സ്ഥലത്താണ് തമ്പടിക്കാറുണ്ടായിരുന്നത്. ഉബല്ലഹ് ജയിച്ചടക്കിയതിനെ കുറിച്ച് രണ്ടു നിവേദനങ്ങളുണ്ട്. ഒന്ന്, മുസ്‌ലിമീങ്ങൾ ഹദ്റത്ത് അബൂബക്റിന്റെ കാലത്താണ് ഉബല്ലഹ് ജയിച്ചടക്കിയത്. എന്നാൽ, പിന്നീടത് വീണ്ടും ഇറാനികളുടെ അധീനതയിലായി. ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിന്റെ കാലഘട്ടത്തിൽ മുസ്‌ലിമീങ്ങൾക്ക് വീണ്ടും അതിന്റെ പൂർണമായ നിയന്ത്രണം കിട്ടി. രണ്ടാമത്തെ നിവേദനം ഇപ്രകാരമാണ്: ഈ വിജയം ഉമറിന്റെ കാലഘട്ടത്തിലാണ് ഉണ്ടായത്. *(ഹദ്റത്ത് അബൂബക്ര്‍, സിദ്ദീഖെ അക്ബർ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ പേജ് 269)*

ഏതായാലും അല്ലാമ ത്വബരി തന്റെ ഗ്രന്ഥത്തിൽ അബൂബക്റിന്റെ ഖിലാഫത്ത് കാലത്താണ് ഈ യുദ്ധത്തെ കുറിച്ച് ഹ്രസ്വമായി പരാമർശിക്കുന്നത്. തുടർന്ന് അദ്ദേഹം എഴുതുന്നു: ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്ത് കാലത്ത് ഉബല്ലഹ് പിടിച്ചടക്കിയ കഥയെ കുറിച്ച് പൊതുവിൽ ചരിത്രകാരന്മാരും ശരിയായ നിവേദകരും എതിർപ്പുള്ളവരാണ്. കാരണം ഉബല്ലഹ് ജയിച്ചടക്കിയത് ഹദ്റത്ത് ഉമറിന്റെ കാലത്ത് ഹിജ്റ പതിനാലാം വർഷം ഹദ്റത്ത് ഉത്ബ ബിൻ ഗസ്‌വാൻ മുഖേന ആയിരുന്നു. *(താരീഖ് അത്ത്വബരി വാള്യം 2, പേജ് 310, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

ചരിത്രത്തിന്റെ മറ്റു പുസ്തകങ്ങളിൽ ഇങ്ങനെയാണ് പരാമർശം കാണുന്നതും. പക്ഷേ, ചില ചരിത്രകാരന്മാർ ആദ്യം ഇത് ഹദ്റത്ത് അബൂബക്റിന്റെ കാലഘട്ടത്തിലാണ് ഉണ്ടായതെന്ന് പറയുന്നു. ചിലർ അത് നിരാകരിച്ചുകൊണ്ട് ഹദ്റത്ത് അബൂബക്റിന്റെ കാലഘട്ടത്തിലല്ല മറിച്ച് ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിലാണെന്ന് പറയുന്നു. എന്നാൽ, ചരിത്ര ഗ്രന്ഥങ്ങളിൽ ഹദ്റത്ത് അബൂബക്റിന്റേയും ഹദ്റത്ത് ഉമറിന്റേയും കാലഘട്ടങ്ങളിൽ ഉബല്ലഹ് യുദ്ധത്തെയും ഉബല്ലഹ് പിടിച്ചടക്കിയതിനെയും കുറിച്ച് പരാമർശമുണ്ട്. ഇതിൽ നിന്നെല്ലാം മനസ്സിലാക്കാൻ കഴിയുന്നത് എന്തെന്നാൽ, ആദ്യത്തെ വിജയം ഹദ്റത്ത് അബൂബക്റിന്റെ കാലഘട്ടത്തിലായിരുന്നു ഉണ്ടായതെന്നാണ്. എന്നാൽ, പിന്നീട് ഇറാനികളുടെ നാവിക സഹായത്തോടുകൂടി ഉബല്ലഹ് നിവാസികൾ കലാപക്കൊടി ഉയർത്തി സ്വാതന്ത്ര്യം നേടിയിരുന്നു. പിന്നീട് ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിൽ ആ പ്രദേശം പിടിച്ചടക്കുകയുണ്ടായി. *(അസ്സിദ്ദീഖ്, പ്രഫസർ അലി മുഹ്സിൻ സിദ്ദീഖി, പേജ് 128)*

ഉബല്ലഹ് യുദ്ധത്തെ കുറിച്ചുള്ള വിശദീകരണം ഇപ്രകാരമാണ്. ദാത്തുസ്സലാസിൽ യുദ്ധത്തിനുശേഷം ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ), ഹദ്റത്ത് മുഥന്നായെ ഇറാനികളുടെ പരാജിത സൈന്യങ്ങളെ പിന്തുടരാൻ അയച്ചിരുന്നു. അതോടപ്പംതന്നെ സമരാർജ്ജിത സ്വത്തുക്കൾ സ്വരുക്കൂട്ടാനും ബന്ദികളെ പിടിച്ചു കെട്ടാനും ഹദ്റത്ത് മഅ്ഖലിനെ ഉബല്ലഹിലേക്കും അയക്കുകയുണ്ടായി. അങ്ങനെ മഅ്ഖൽ അവിടെ നിന്നു പുറപ്പെട്ട് ഉബല്ലഹിലെത്തി. സമരാർജ്ജിത സ്വത്തുക്കൾ സ്വരുക്കൂട്ടുകയും ബന്ദികളെ ഒരുമിച്ച് കൂട്ടുകയും ചെയ്തു. *(താരീഖ് അത്ത്വബരി വാള്യം 2, പേജ് 310)*

ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ഈ പ്രദേശം ജയിച്ചടക്കിയതിനെ കുറിച്ച് കാണപ്പെടുന്ന വിശദീകരണമെന്തെന്നാൽ, ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉത്ബ ബിൻ ഗസ്‌വാനെ ഹിജ്റ പതിനാലിലോ പതിനാറിലോ ബസ്റയിലേക്കയച്ചു. ഹദ്റത്ത് ഉത്ബ അവിടെ ഒരു മാസം താമസിക്കുകയുണ്ടായി. ഉബല്ലഹ് നിവാസികൾ അദ്ദേഹത്തെ എതിർക്കുന്നതിന് പുറപ്പെട്ടു. ഇവർ ഉബല്ലഹയുടെ സംരക്ഷണത്തിന് നിയോഗിക്കപ്പെട്ട അഞ്ഞൂറ് അനറബികളായ സൈനികരായിരുന്നു. ഹദ്റത്ത് ഉത്ബ അവരുമായി യുദ്ധം ചെയ്തു. അവരെ പരാജയപ്പെടുത്തി എന്നു മാത്രമല്ല ഇറാനിയൻ പട്ടണത്തിലേക്ക് തള്ളിക്കയറി. ഹദ്റത്ത് ഉത്ബ തന്റെ സൈന്യത്തിലേക്ക് തിരിച്ചുവന്നു. അല്ലാഹു പേർഷ്യക്കാരുടെ ഹൃദയത്തിൽ ഭയമുളവാക്കി. അവർ പട്ടണംവിട്ടുപോയി. വളരെ കുറച്ചു സാധന സാമഗ്രികളുമായി വഞ്ചികളിലിരുന്നു. അങ്ങനെ നദി കടന്നുപോയി. അതെ തുടർന്ന് മുഴുവൻ പട്ടണവും കാലിയായി. മുസ്‌ലിമീങ്ങൾ പട്ടണത്തിലേക്ക് പ്രവേശിച്ചു. ഇവിടെ മുസ്‌ലിമീങ്ങൾക്ക് ഒരുപാട് സാധനങ്ങൾ, ആയുധങ്ങളും വിവിധ സാമഗ്രികളും കൂടാതെ ബന്ദികളെയും കിട്ടി. ഇതിൽനിന്ന് അഞ്ചിലൊരു ഭാഗം മാറ്റിവെച്ച് ബാക്കി സമരാർജ്ജിത സ്വത്തുക്കൾ യോദ്ധാക്കൾക്കിടയിൽ വിതരണം ചെയ്തു. മുസ്‌ലിമീങ്ങളുടെ എണ്ണം മുന്നൂറ് ആയിരുന്നു. *(അൽകാമിൽ ഫിത്താരീഖ് വാള്യം 2, പേജ് 335, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2006)*

പിന്നീടുണ്ടായ യുദ്ധമാണ് മദാർ. മദാർ യുദ്ധം ഹിജ്റ പന്ത്രണ്ടാം വർഷം സ്വഫർ മാസത്തിലാണ് നടന്നത്. *(താരീഖ് അത്ത്വബരി വാള്യം 2, പേജ് 311, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

മദാർ എന്ന സ്ഥലം മയ്സാനിന്റെ ഭാഗമാണ്. മദാറിനും ബസ്റക്കുമിടയിൽ നാലു ദിവസത്തെ യാത്രാദൂരമുണ്ട്. *(മുഅ്ജമുൽ ബുൽദാൻ വാള്യം 5, പേജ് 104,അൽമദാർ, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ)*

ഈ സംഭവം നടക്കുമ്പോൾ ജനങ്ങളുടെ നാവിൻതുമ്പിൽ 'സ്വഫർ മാസം എത്തിയെന്നും അതിൽ ധിക്കാരിയായ ഓരോ അക്രമിയും നദികൾ സംഗമിക്കുന്നിടത്ത് കൊല്ലപ്പെടും' എന്ന വാക്യം ആയിരുന്നു ഉണ്ടായിരുന്നത്. വാചകങ്ങൾ ഹുർമുസ് ദാത്തുസ്സലാസിൽ യുദ്ധത്തിൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ എതിരാളിയായിരുന്നു. അയാൾ തന്റെ രാജാവിനോട് സഹായം ചോദിച്ച് കത്തയച്ചിരുന്നു. രാജാവ് അയാളുടെ സഹായത്തിന് ഖാരിനിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയക്കുകയുണ്ടായി. പക്ഷേ, ഈ സൈന്യം മദാറിലെത്തുമ്പോഴേക്കും ദാത്തുസ്സലാസിൽ യുദ്ധത്തിൽ ഹുർമുസ് പരാജയപ്പെട്ടെന്നും അയാൾ വധിക്കപ്പെട്ടുവെന്നുമുള്ള അറിയിപ്പ് ഇവർക്ക് ലഭിക്കുകയുണ്ടായി. അതോടൊപ്പം ഹുർമുസിന്റെ പരാജയപ്പെട്ട സേനയിലുള്ള സംഘവും മദാറിൽ ഖാരിനുമായി കണ്ടുമുട്ടി. അതിൽ ചില സൈനിക സംഘങ്ങളുടെ ഭടന്മാർ മറ്റു സംഘങ്ങളുടെ ഭടന്മാരോട് പറഞ്ഞു: 'ഇന്ന് നിങ്ങൾ ചിന്നിച്ചിതറുകയാണെങ്കിൽ പിന്നീടൊരിക്കലും നിങ്ങൾക്ക് ഒരുമിച്ചു കൂടാൻ കഴിയുകയില്ല. അതുകൊണ്ട് പെട്ടെന്നുതന്നെ തിരിച്ചടിക്കാൻ തയ്യാറാകുക.' അങ്ങനെ ആ ചിതറിയോടുന്ന സൈന്യവും സഹായത്തിന് വന്ന പുതിയ സൈന്യവും അഥവാ ഇറാനിൽനിന്ന് വന്ന പുതിയ സൈന്യവും ഒരുമിച്ചുകൂടി. യുദ്ധം വേണമെന്ന കാര്യത്തിൽ അവർ പരസ്പരം ആവേശഭരിതരായി പ്രേരിപ്പിച്ചു കൊണ്ടിരുന്നു. രാജാവിന്റെ ഭാഗത്തു നിന്ന് സഹായത്തിന് പുതിയ സൈന്യം എത്തിയിരിക്കുന്നു, അവർ പറഞ്ഞു. ഓടിപ്പോയ സൈന്യത്തിന്റെ സൈന്യാധിപൻ ഖാരിൻ നമ്മോടൊപ്പമുണ്ട്. ഒരുപക്ഷേ, ദൈവം നമുക്ക് വിജയം നൽകുകയും നമ്മുടെ ശത്രുക്കളിൽനിന്നു നമ്മെ സ്വാതന്ത്രനാക്കുകയും ചെയ്യും. അങ്ങനെ നമ്മുടെ ന്യൂനതകൾ ഒരു പരിധിവരെ പരിഹരിക്കാനും കഴിയും. തുടർന്ന് അവർ അങ്ങനെ തന്നെ ചെയ്യുകയും മദാറിൽ തമ്പടിക്കുകയും ചെയ്തു. ഖാരിൻ, ദാത്തുസ്സലാസിൽ യുദ്ധത്തിൽ പിന്തിരിഞ്ഞോടിയ ഖുബാദിനേയും അനൂശജാനിനെയും ഓരോ പ്രഥമ സൈനീക സംഘത്തിലും നിയോഗിച്ചു. മറുഭാഗത്ത് ശത്രുക്കളുടെ ഈ തയ്യാറെടുപ്പിനെ കുറിച്ച് ഹദ്റത്ത് മുഥന്നായും ഹദ്റത്ത് മുഅന്നായും ഹദ്റത്ത് ഖാലിദ് ബിൻ വലീദിന് അറിയിപ്പ് കൊടുത്തു. ഹദ്റത്ത് ഖാലിദ് ഖാരിനിന്റെ അറിയിപ്പ് കിട്ടിയതും ദാത്തുസ്സലാസിൽ യുദ്ധത്തിൽനിന്ന് ലഭ്യമായ സമരാർജ്ജിത സ്വത്തുക്കൾ യോദ്ധാക്കൾക്കിടയിൽതന്നെ വിതരണം ചെയ്തു. അവർക്കായിരുന്നു അല്ലാഹു ആ യുദ്ധമുതലുകൾ നൽകിയിരുന്നത്. അഞ്ചിലൊന്നിനു ശേഷം ബാക്കിയുള്ളത് ആവശ്യമുള്ളത്രയും കൊടുത്തു. ദാത്തുസ്സലാസിൽ യുദ്ധത്തിൽനിന്ന് ലഭ്യമായ ബാക്കി യുദ്ധമുതലുകളും യുദ്ധത്തിന്റെ വിജയ വാർത്തയും ഹദ്റത്ത് അബൂബക്റിന്റെ സവിധത്തിലേക്ക് എത്തിക്കുകയുണ്ടായി. കൂടാതെ ദാത്തുസ്സലാസിൽ യുദ്ധത്തിൽ പരാജിതരായ ശത്രു സൈന്യവും ഖാരീനിന്റെ നേതൃത്വത്തിൽ വന്ന പുതിയ സൈന്യവും ഒരു സ്ഥലത്ത് ഒരുമിച്ച് കൂടുകയാണെന്ന അറിയിപ്പ് കൊടുത്തു. പിന്നെ ഹദ്റത്ത് ഖാലിദ് പുറപ്പെട്ടു. ചന്തയിൽവെച്ച് ഖാരീനിന്റെ സൈന്യം മുന്നിൽവന്നു. അയാൾ തന്റെ സൈന്യത്തെ സജ്ജമാക്കി. അവർ പരസ്പരം ഏറ്റുമുട്ടി. രണ്ടു പക്ഷങ്ങൾക്കുമിടയിൽ ഘോരയുദ്ധം നടന്നു. ഖാരിൻ ദ്വന്ദ യുദ്ധത്തിന് രണാങ്കണത്തിലിറങ്ങി. മറുഭാഗത്ത് അയാളെ നേരിടാൻ ഹദ്റത്ത് ഖാലിദും ഹദ്റത്ത് മഅ്ഖൽ ബിൻ അഅ്ശായും മുന്നോട്ട് വന്നു. രണ്ടുപേരും ഖാരീനിനെ പിടികൂടാൻ മുന്നോട്ട് ഗമിച്ചു. പക്ഷേ, ഹദ്റത്ത് മഅ്

ഖൽ ഹദ്റത്ത് ഖാലിദിനു മുന്നേ തന്നെ ഖാരീനിനെ പിടികൂടി വധിച്ചു. ഹദ്റത്ത് ആസിം അനൂശജാനിനെയും ഹദ്റത്ത് അദിയ്യ് ഖുബാദിനെയും വധിക്കുകയുണ്ടായി. ഈ മൂന്ന് നേതാക്കളും കൊല്ലപ്പെട്ടപ്പോൾ ഇറാനികൾ ആത്മവിശ്വാസം നഷ്ടപെട്ടവരായിത്തീർന്നു. അങ്ങനെ രണാങ്കണം വിട്ട് പിന്തിരിഞ്ഞോടി. ഈ യുദ്ധത്തിൽ പേർഷ്യക്കാരുടെ ഒരു വലിയ വിഭാഗമാളുകൾ കൊല്ലപ്പെട്ടു. നിരാശരായ ആളുകൾ തങ്ങളുടെ വഞ്ചികളിൽ കയറി രക്ഷപ്പെട്ടു. ഹദ്റത്ത് ഖാലിദ് മദാറിൽ താമസിച്ചു. കൊല്ലപ്പെട്ട ഓരോരുത്തരുടെയും സാധനങ്ങൾ അത് എത്ര വിലപിടിപ്പുള്ളതാണെങ്കിലും അയാളെ കൊന്ന യോദ്ധാവിനു തന്നെ നൽകുകയുണ്ടായി. ബാക്കിയുള്ള സ്വത്തുക്കളും അവർക്കിടയിൽ വിതരണം ചെയ്തു. മാത്രമല്ല അഞ്ചിലൊരു ഭാഗം സ്വത്തിലും പ്രകടമായ രീതിയിൽ യുദ്ധത്തിൽ ഭാഗഭാക്കായവർക്ക് വിഹിതം നൽകുകയുണ്ടായി. അഞ്ചിലൊരു ഭാഗത്തിൽ ബാക്കിയായത് ഒരു സംഘത്തോടൊപ്പം ഹദ്റത്ത് സയീദ് ബിൻ നുഅ്മാനിന്റെ നേതൃത്വത്തിൽ മദീനയിലേക്കയച്ചു. ഒരു നിവേദനമനുസരിച്ച് ഈ യുദ്ധത്തിൽ മുപ്പതിനായിരം ഇറാനികൾ കൊല്ലപ്പെട്ടു. ഇത് നദിയിൽ മുങ്ങിമരിച്ചവർക്ക് പുറമെയാണ്. ഈ നദി തടസ്സമായിരുന്നില്ലെങ്കിൽ അവരിൽ ആരുംതന്നെ രക്ഷപ്പെടുമായിരുന്നില്ല എന്ന് പറയപ്പെടുന്നു. ഓടിപ്പോയവർ വളരെയേറെ ചിന്നിച്ചിതറുകയും തങ്ങളുടെ എല്ലാം ഉപേക്ഷിച്ച് ഓടിപ്പോകാൻ നിർബന്ധിതരാകുകയും ചെയ്തു. യുദ്ധത്തിൽ പങ്കെടുത്തവരെയും ഇറാനി സൈന്യത്തെ സഹായിച്ചവരെയും അവരുടെ കുടുംബത്തോടൊപ്പം ബന്ദികളാക്കി. ഈ ബന്ദികളിൽ അബുൽ ഹസൻ ബസ്രിയും ഉണ്ടായിരുന്നു. അബുൽ ഹസൻ ബസ്രിയെ കുറിച്ച് പറയുന്നു; ഇദ്ദേഹം ബസ്റയിലെ സുപ്രസിദ്ധ പ്രഭാഷകനും സ്വൂഫിയും മുസൽമാനുമായിരുന്ന ഹസൻ ബസ്രിയുടെ പിതാവാണ്. അബുൽ ഹസൻ ബസ്രിയെ ബന്ദിയാക്കിയശേഷം മദീനയിലേക്ക് കൊണ്ടുവന്നു. അവിടെ അദ്ദേഹത്തിന്റെ ഉടമസ്ഥ അദ്ദേഹത്തെ സ്വാതന്ത്രനാക്കി. *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 311–312, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)(ഉർദു ദാഇറയെ മആരിഫ് ഇസ്‌ലാമിയ്യ, വാല്യം 8, പേജ് 262)*

ഈ വിജയത്തിനുശേഷം പൊതുപ്രജകളോട് വളരെയേറെ സൗമ്യമായാണ് പെരുമാറിയത്. കൃഷിക്കാർക്കും മറ്റാളുകൾക്കും ഒരു പ്രയാസവും നൽകാതെ തന്നെ അവരെ ജിസ്‌യ നൽകാൻ പ്രേരിപ്പിച്ചു. അവരെ അവരുടെ ഭൂമിയിലും സ്ഥലങ്ങളിലും നിൽക്കാൻ അനുവദിച്ചു. ഈ പ്രാരംഭ കർത്തവ്യങ്ങളിൽനിന്ന് വിരമിച്ചതിനുശേഷം ഹദ്റത്ത് ഖാലിദ് കീഴടങ്ങിയ പ്രദേശങ്ങളിൽ അച്ചടക്കം ഉണ്ടാക്കുന്നതിലേക്ക് ശ്രദ്ധ തിരിച്ചു.

ജിസ്‌യ പിരിക്കുന്നതിന് എല്ലാ സ്ഥലത്തും ആളുകളെ നിശ്ചയിച്ചു. പിടിച്ചടക്കിയ സ്ഥലങ്ങളുടെ സംരക്ഷണത്തിന് അദ്ദേഹം ഹഫീറിലും ഏറ്റവും വലിയ പാലമായ ജസ്റെ അഅ്ളമിലും സൈന്യങ്ങളെ നിയോഗിച്ചു. അവർക്കുള്ള സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി. സൈന്യങ്ങളുടെ എല്ലാ സംഘത്തിനും മേൽന്നോട്ടത്തിന് ഓഫീസർമാരെ നിയോഗിക്കുകയും ശത്രുക്കളുടെ രഹസ്യവും പരസ്യവുമായ നീക്കങ്ങളെ കുറിച്ച് അറിയാനും ആവശ്യമെങ്കിൽ അവരോട് യുദ്ധം ചെയ്യാനും കൽപിക്കുകയും ചെയ്തു. ഇറാനിയൻ മണ്ണിൽ കാൽവെച്ചതും കിസ്റായുടെ സൈന്യങ്ങൾ പരാജയപ്പെട്ടു തുടങ്ങി എന്നതുതന്നെ ഹദ്റത്ത് ഖാലിദിന്റെ യുദ്ധപാടവം വ്യക്തമാക്കുന്നുണ്ട്. അവരുടെ ശ്വാസം നിലയ്ക്കുകയും ആവേശം തണുത്തുറഞ്ഞു പോകുകയും ചെയ്തു.

മദാർ യുദ്ധം ഹീറഹിൽ നിന്ന് കുറച്ച് അകലെവെച്ചായിരുന്നു നടന്നത്. ഹീറഹ്, ഉപദ്വീപിനും മദാഇനുമിടയ്ക്ക് സ്ഥിതി ചെയ്യുന്നു. *(അബൂബക്ർ സിദ്ദീഖെ അക്ബർ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം, ശെയ്ഖ് മുഹമ്മദ് അഹ്മദ് പാനിപ്പത്തി, പേജ് 275, ഇൽമോ ഇർഫാൻ പബ്ലീഷേർസ്സ് ലാഹോർ 2004)*

ഈ യുദ്ധത്തിനും അനുബന്ധ പ്രവർത്തനങ്ങളിൽ നിന്നും വിരമിച്ചതിനുശേഷം ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ശത്രുക്കളുടെ അനക്കമടക്കങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അവരുടെ നീക്കങ്ങൾ വീക്ഷിച്ചുകൊണ്ടിരുന്നു. വീണ്ടും ഇസ്‌ലാമിന്നെതിരിൽ സംഘടിക്കുന്നുണ്ടോ എന്നും ശ്രദ്ധിച്ചിരുന്നു. *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 312, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

ഇനി അടുത്തത് വലജ യുദ്ധമാണ്. വലജ യുദ്ധം ഹിജ്റ 12 ലാണ് നടന്നത്. കസ്കർ എന്ന സ്ഥലത്തെ വരണ്ട പ്രദേശമാണ് വലജ.

മദാർ യുദ്ധത്തിൽ ഇറാനികൾക്കുണ്ടായ ലജ്ജാകരമായ പരാജയത്തിൽ അവരുടെ വലിയ വലിയ നേതാക്കന്മാരും കൊല്ലപ്പെട്ടിരുന്നു. അതിൽ ഇറാനി ചക്രവർത്തി തന്ത്രപൂർവമായ ഒരു നീക്കം നടത്തി. വളരെ തയ്യാറെടുപ്പോടുകൂടി മുസ്‌ലിമീങ്ങൾക്കുനേരെ പദ്ധതി ആവിഷ്കരിച്ചു. അങ്ങനെ ഇറാനിയൻ ഭരണകൂടം ഇറാഖിൽ താമസിക്കുന്ന ക്രിസ്ത്യാനികളുടെ ഒരു വലിയ ഗോത്രമായ ബക്ർ ബിൻ വാഇലിന്റെ നേതാക്കന്മാരെ ഇറാനിലേക്ക് വിളിച്ചു. അവരെ മുസ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ചു കൊണ്ട് ഒരു സൈന്യത്തെ തയ്യാറാക്കി. ഈ സൈന്യത്തിന്റെ നേതൃത്വം സുപ്രസിദ്ധ കുതിരപ്പടയാളിയായ അൻദർസഗറിനെയാണ് ഏൽപിച്ചത്. ഈ സൈന്യം വലജയിലേക്ക് പുറപ്പെട്ടു. ഇറാഖിൽ ക്രിസ്ത്യാനികളുടെ ഒരു വലിയ ഗോത്രമായ ബക്ർ ബിൻ വാഇൽ നിവസിച്ചിരുന്നു. അർദശീർ ചക്രവർത്തി അവരെ വിളിപ്പിച്ചു. അവരുടെ ഒരു സൈന്യത്തെ തയ്യാറാക്കി അവരെ മുസ്‌ലിമീങ്ങളുമായി യുദ്ധം ചെയ്യാൻ വലജയിലേക്ക് പറഞ്ഞയക്കുകയും ചെയ്തു. ഹീറഹിന്റേയും കസ്കറിന്റേയും പ്രാന്തപ്രദേശങ്ങളിലുള്ള ആളുകളും കൃഷിക്കാരും ഈ സൈന്യത്തോടൊപ്പം കൂടി. ഹീറഹ് കൂഫയിൽ നിന്ന് മൂന്നു മൈൽ തെക്കുപടിഞ്ഞാറുള്ള ഒരു പട്ടണമാകുന്നു. കസ്കർ, കൂഫക്കും ബസ്റക്കുമിടയിലുള്ള ഒരു പ്രദേശമാണ്. മുസ്‌ലിമീങ്ങളെ പരാജയപ്പെടുത്തിയതിന്റെ മുഴുവൻ കീർത്തിയും അറേബ്യൻ ക്രിസ്ത്യാനികൾക്ക് മാത്രമായി കിട്ടരുതെന്ന് കരുതി അവർ തങ്ങളുടെ ഒരു വലിയ സൈന്യാധിപനായ റബഹ് ബിൻ ജാദവിയയേയും ഒരു വലിയ സൈന്യത്തോടൊപ്പം അവർക്ക് പിന്നിൽ തന്നെ പറഞ്ഞയച്ചു. *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 312, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്,(മുത്തർറജിം) മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മത്തർറജിം, പേജ് 287–288)*

ഈ പേർഷ്യൻ നേതാവിന് തന്റെ സൈന്യം വളരെ വലുതാണെന്ന് തോന്നിയപ്പോൾ അയാൾ ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ ആക്രമിക്കാൻ തീരുമാനിച്ചു. പേർഷ്യൻ സൈന്യം വലജയിൽ ഒരുമിച്ചുകൂടുന്നു എന്ന അറിയിപ്പ് ഖാലിദ് ബിൻ വലീദിന് കിട്ടിയപ്പോൾ അദ്ദേഹം ബസ്റയുടെ സമീപത്താണ് ഉണ്ടായിരുന്നത്. അദ്ദേഹം പേർഷ്യൻ സൈന്യത്തെ മൂന്നു ഭാഗങ്ങളിലൂടെ ആക്രമിക്കാനും അങ്ങനെ അവരുടെ സംഘടിത ശക്തിയെ ഭിന്നിപ്പിക്കുന്നതും പൊടുന്നനെ ആക്രമിച്ചുപേർഷ്യൻ സൈന്യത്തെ അസ്വസ്ഥതയിലാക്കുന്നതുമാണ് ഉചിതമെന്ന് കരുതി. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, ഡോക്ടർ അലി മുഹമ്മദ് സ്വലാബീ, മുത്തർറജിം, പേജ് 406)*

ശേഷം പേജ് 9 ൽ

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

*(മൽഫൂദാത്ത് വാല്യം 3, പേജ് 38)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• കലാമുൽ ഇമാം •**

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക.**

**ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്.**

**അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'** *(മൽഫൂദാത്ത് വാല്യം 3, പേജ് 38)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

ഹാഫിദ് മുസഫ്ഫർ അഹ്മദ്, ശാഹിദ്

Weekly BADAR Qadian

# ഹദ്റത്ത് അബൂഉബയ്ദഃ(റ)

### ആകൃതിയും പേരും വംശവും

നല്ല ഉയരം. മെലിഞ്ഞ ശരീരം. തെളിഞ്ഞ നെറ്റിത്തടം. ആദരയുക്തമായ ഭയമുളവാക്കുന്ന മുഖകമലം. ഭക്തിയുള്ള രൂപം. ഇടതൂർന്ന താടി. ഇതായിരുന്നു നബി(സ)തിരുമേനിയുടെ കാലത്തെ യുവസ്വഹാബി ഹദ്റത്ത് അബൂഉബയ്ദഃ ബിൻ അൽജർറാഹ്(റ). യഥാർഥ പേര് ആമിർ ബിൻ അബ്ദുല്ലാഹ് ബിൻ അൽജർറാഹ് എന്നായിരുന്നു. എന്നാൽ, പ്രസിദ്ധനായിട്ടുള്ളത് പിതാമഹന്റെ സംബന്ധത്തിലാണ്. പേരിനെക്കാളേറെ സംജ്ഞാനാമത്തിലാണ് അറിയപ്പെടുന്നത്. വംശപരമ്പര അഞ്ചാമത്തെ തലമുറയിൽ നബി(സ)തിരുമേനിയിൽ ചെന്നു മുട്ടുന്നുണ്ട്.1

### ഇസ്‌ലാം സ്വീകരണവും ശ്രേഷ്ഠതകളും

നബി(സ)തിരുമേനിയുടെ പ്രവാചകത്വ വാദത്തിനുശേഷം ആദ്യകാല വിശ്വാസികളിൽപ്പെട്ടയാളാണ് ഹദ്റത്ത് അബൂഉബയ്ദഃ(റ). ദാറുൽഅർഖം പ്രബോധനകേന്ദ്രമാകുന്നതിനുമുമ്പേ ഇസ്‌ലാം സ്വീകരിക്കാനുള്ള ഭാഗ്യം അദ്ദേഹത്തിനു കിട്ടി. ഹദ്റത്ത് അബൂബക്ര് സിദ്ദീഖ്(റ)നെപ്പോലുള്ള മഹാനായ പ്രബോധകന്റെ പ്രബോധന ശ്രമത്തിന്റെ മധുരമുള്ള കനിയായിരുന്നു അദ്ദേഹം. സിദ്ദീഖീ ജീവിതത്തിന്റെ ആഴമേറിയ അടയാളങ്ങൾ അദ്ദേഹത്തിന്റെ സ്വഭാവങ്ങളിലും ശീലങ്ങളിലും മുഴച്ചുനിന്നിരുന്നു. അദ്ദേഹം വിശ്വാസത്തിലും ആത്മാർഥതയിലും അതിശീഘ്രം അഭിവൃദ്ധിപ്പെട്ടു. തിരുദൂതരുടെ സഖാക്കളിൽ ഉന്നത സ്ഥാനം പ്രാപിച്ചു. നബി(സ) തിരുമേനി സ്വർഗത്തെ സംബന്ധിച്ച് തന്റെ ജീവിതകാലത്ത് സുവാർത്ത നല്കിയ പത്ത് സ്വഹാബാക്കളിൽപ്പെട്ട ഭാഗ്യവാനാണ് അദ്ദേഹം.

അല്ലാഹു ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ മനോഹരമായ സ്വഭാവങ്ങളും സവിശേഷമായ പെരുമാറ്റങ്ങളും നേതൃപാടവവും നല്കി അനുഗ്രഹിച്ചിരുന്നു. നബി(സ)തിരുമേനി ഒരിക്കൽ അദ്ദേഹത്തിന്റെ ഈ സവിശേഷ സ്വഭാവത്തെ സംബന്ധിച്ച് പറഞ്ഞു: "ഖുറയ്ശി കുടുംബത്തിൽ ശ്രേഷ്ഠ സ്വഭാവക്കാരും വളരെ ലജ്ജാശീലരും നേതൃപാടവമുള്ളവരുമായ മൂന്നു ദൈവപുരുഷന്മാരുണ്ട്. അബൂബക്ര്(റ), ഉഥ്മാൻ(റ), അബൂഉബയ്ദഃ ബിൻ അൽജർറാഹ്(റ) എന്നിവരാണവർ."

പരിശുദ്ധമായ ഗുണങ്ങൾകൊണ്ട് അദ്ദേഹം നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയ്ക്ക് വളരെ പ്രിയപ്പെട്ട ആളായിരുന്നു. ഒരിക്കൽ ഹദ്റത്ത് ആഇശ(റ) തിരുദൂതരോട് വീട്ടുകാര്യങ്ങൾ പറയുന്നതിനിടയിൽ നിസ്സങ്കോചം ചോദിച്ചു: "അങ്ങയ്ക്ക് അങ്ങയുടെ സ്വഹാബിമാരിൽ ഏറ്റവും പ്രിയപ്പെട്ടതാരാണ്?" നബി(സ)പറഞ്ഞു: 'അബൂബക്ര്'(റ). അവർ ചോദിച്ചു, പിന്നീട് ആരാണ്? നബി(സ) പറഞ്ഞു: 'ഉമർ'(റ). ഹദ്റത്ത് ആഇയിശ(റ) മൂന്നാം വട്ടം ചോദിച്ചു, പിന്നീടാരാണ്? നബി(സ)പറഞ്ഞു: 'അബൂഉബയ്ദഃ ബിൻ അൽജർറാഹ്'(റ).

നബി(സ)തിരുമേനിയ്ക്ക്, ഹദ്റത്ത് അബൂഉബയ്ദഃ(റ)യോടുള്ള സ്നേഹം അദ്ദേഹത്തിന്റെ ആത്മാർഥതയും ആസക്തിയും ആത്മാർപ്പണവും മതപരമായ സേവനങ്ങളും കാരണത്താലായിരുന്നു.

### ഹിജ്റത്തിന്റെ പരീക്ഷണം

ഇസ്‌ലാം സ്വീകരിച്ച ക്ഷണത്തിൽ ഹദ്റത്ത് അബൂഉബയ്ദഃ(റ)യ്ക്ക് നേരിടേണ്ടി വന്നത് ധനവും മക്കളും സ്വദേശവും സംബന്ധിച്ച പരീക്ഷണമായിരുന്നു. അല്ലാഹുവിനുവേണ്ടി ദീനിനെ ദുൻയാവിനെക്കാൾമുന്തിച്ചുകൊണ്ട് തികഞ്ഞ ധൈര്യത്തോടുകൂടി തന്റേതെല്ലാം ഉപേക്ഷിക്കാൻ അദ്ദേഹം തയ്യാറായി. മക്കയോടു വിടപറഞ്ഞ് അകലെയുള്ളതും അന്യവുമായ ഹബ്ശ നാട്ടിലേക്ക് ഹിജ്റ ചെയ്തു. യാത്രാ ദുരിതങ്ങൾ സഹിച്ചു. ജോലി അന്വേഷിച്ചു നടക്കുന്ന അവസരത്തിൽ ബുദ്ധിമുട്ടുകളും ഭയവും പേടിയും നേരിടേണ്ടിവന്നു. ഏതാണ്ട് അവിടെ ചുവട് ഒന്നുറച്ചു വന്നപ്പോൾ മദീന ഹിജ്റത്തിന്റെ രണ്ടാമത്തെ പരീക്ഷണം അഭിമുഖീകരിക്കേണ്ടി വന്നു. തന്റെ പ്രിയപ്പെട്ട യജമാനൻ മദീനയിലായിരിക്കുകയും താൻ ഹബ്ശയിൽ താമസിച്ച് ആ മഹാത്മാവിന്റെ സാമീപ്യത്തിൽനിന്നും പരിശുദ്ധ സഹവാസത്തിൽനിന്നും അകന്നിരിക്കുകയും ചെയ്യുന്നത് അദ്ദേഹത്തിന് സഹിക്കാൻ കഴിഞ്ഞില്ല. അങ്ങനെ തന്റെ രണ്ടാം നാടായ ഹബ്ശയേയും അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടി ഉപേക്ഷിച്ച് മദീന മുനവ്വറയിലേക്ക് രണ്ടാമത്തെ ഹിജ്റത്ത് ചെയ്യാൻ ഭാഗ്യം നേടി. രണ്ടു ഹിജ്റ ചെയ്തതിന്റെ പ്രതിഫലത്തിനും പുണ്യത്തിനും അവകാശിയായിത്തീർന്നു. ഇത് അദ്ദേഹത്തിനു ലഭിച്ച ബഹുമതിയും അഭിമാനവും ആണെന്നതിൽ സംശയമില്ല. രണ്ട് ഹിജ്റ ചെയ്യാൻ ഭാഗ്യം സിദ്ധിച്ച സ്വഹാബിമാർ അതു വളരെ ആനന്ദത്തോടെ പ്രകടിപ്പിക്കാറുണ്ടായിരുന്നു.

ഒരിക്കൽ ഹദ്റത്ത് അസ്മാ ബിൻത് ഉവയ്സ് (ഇവർ രണ്ടു ഹിജ്റത്തു ചെയ്യാൻ ഭാഗ്യം സിദ്ധിച്ചവരിൽപ്പെട്ടവരായിരുന്നു) നബി(സ)തിരുമേനിയെ കാണുന്നതിനുവേണ്ടി ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഹഫ്സ്വ(റ)യുടെ വീട്ടിൽ വന്നു. അല്പം കഴിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ(റ)വും അവിടെ എത്തി. ഹദ്റത്ത് അസ്മാ(റ) അവിടെ ഉണ്ടെന്നറിഞ്ഞ് അവരുടെ നേരെ തിരിഞ്ഞുകൊണ്ട് ഹദ്റത്ത് ഉമർ(റ) പറഞ്ഞു: "അസ്മാ! ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്ത നിങ്ങളെക്കാൾ മദീനയിലേക്ക് ഹിജ്റത്ത് ചെയ്തവർക്കാണ് പ്രഥമസ്ഥാനമുള്ളത്. നബി(സ) തിരുമേനിയുമായിട്ടുള്ള ബന്ധത്തിനും സ്നേഹത്തിനും ഞങ്ങളാണ് കൂടുതൽ അവകാശികൾ." ഹദ്റത്ത് അസ്മാ(റ) ഹബ്ശയിലേക്ക് ഹിജറത്ത് ചെയ്തവരുടെ പ്രാതിനിധ്യം നല്ലവണ്ണം നിറവേറ്റിക്കൊണ്ടു പറഞ്ഞു: "ഉമറേ! താങ്കളുടെ ഈ വാദം ഒരിക്കലും ശരിയല്ല. നിങ്ങൾ നബി(സ)തിരുമേനിയുടെ കൂടെ താമസിച്ചവരാണ്. ആ മഹാത്മാവ് നിങ്ങളുടെ കൂടെ ഉണ്ടായിരുന്ന ദുർബലരേയും പട്ടിണിപ്പാവങ്ങളേയും നല്ലവണ്ണം ശ്രദ്ധിച്ചിരുന്നു. കഴിവിന്റെ പരമാവധി അവരുടെ ആവശ്യങ്ങൾ നിറവേറ്റിയിരുന്നു. ഞങ്ങളാണെങ്കിൽ അന്യനാടായ ഹബ്ശയിലായിരുന്നു. അവിടെ ആരുടെ ഹൃദയത്തിലും ഞങ്ങളോടു ഒരു മമതയും ഉണ്ടായിരുന്നില്ല. കഠിനമായ ദുരിതങ്ങൾ സഹിച്ച് ദിനങ്ങൾ തള്ളിനീക്കേണ്ടി വന്നു. ഭയന്നും പേടിച്ചുമാണ് ഞങ്ങൾ അവിടെ കഴിഞ്ഞിരുന്നത്. ഇതെല്ലാം അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടിയാണ് ഞങ്ങൾ സഹിച്ചത്. (ഇപ്പോൾ താങ്കൾ ഞങ്ങളെ അധിക്ഷേപിക്കാൻ തുടങ്ങിയിരിക്കുന്നു). അല്ലാഹവാണ! ഹബ്ശയിലേക്കും മദീനയിലേക്കും ഹിജ്റത്ത് ചെയ്തവരിൽ ആരാണ് ശ്രേഷ്ഠരെന്ന് നബി(സ)തിരുമേനിയോടു ചോദിച്ച് തൃപ്തി വരുന്നതുവരെ ഞാൻ എന്റെ വെള്ളവും ആഹാരവും എനിക്കു നിഷിദ്ധമാക്കിയിരിക്കുന്നു." പിന്നീട് ഹദ്റത്ത് അസ്മാ(റ), ഹദ്റത്ത് ഉമർ(റ) പറഞ്ഞ കാര്യം നബി(സ)തിരുമേനിയെ കേൾപ്പിച്ചു. അപ്പോൾ നീ എന്തു മറുപടിയാണ് ഉമറിന് കൊടുത്തതെന്ന് നബി(സ)തിരക്കി. ഹദ്റത്ത് അസ്മാ(റ) ഏറ്റക്കുറച്ചിലുകളൊന്നും കൂടാതെ താൻ കൊടുത്ത മറുപടി നബി(സ)തിരുമേനിയോടു പറഞ്ഞു. അങ്ങനെ പ്രവാചക ദർബാറിൽ നിന്ന് വിധിയുണ്ടായി, "അസ്മാ! നീ പറഞ്ഞതാണ് ശരി. ഉമറും അദ്ദേഹത്തോടൊപ്പം മദീനയിലേക്ക് ഹിജ്റത്ത് ചെയ്തവരും ത്യാഗത്തിന്റെ അടിസ്ഥാനത്തിൽ ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തവരെക്കാൾ എന്റെ സ്നേഹത്തിനും ബന്ധത്തിനും കൂടുതൽ അവകാശികളല്ല. ഇവരുടേത് ഒരു ഹിജ്റത്താണെങ്കിൽ നിങ്ങളുടേത് രണ്ടു ഹിജ്റത്താണെന്നതിൽ സംശയമൊന്നുമില്ല."(ഇതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ ഇരട്ടി പ്രതിഫലത്തിനും പുണ്യത്തിനും അർഹരാണ്).

### അമീൻ എന്ന സ്ഥാനം

ഹിജ്റത്തുകളുടെ ഈ ഇരട്ട ത്യാഗങ്ങൾക്കു പുറമെ ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ മറ്റു സ്വഹാബാക്കളിൽ നിന്ന് വ്യതിരിക്തനാക്കി നിറുത്തിയത് വല്ലദീനഹും ലിഅമാനാത്തിഹിം വ അഹ്ദിഹിം റാഊൻ(തങ്ങളുടെ അമാനത്തുകളേയും കരാറുകളേയും പാലിക്കുന്നവരായിട്ടുള്ള സത്യവിശ്വാസി വിജയം വരിച്ചു - 23:9) എന്ന ദൈവവചനത്തിന്റെ സാക്ഷാത്കാരമായിരുന്നു അദ്ദേഹം എന്നതാണ്. ഒരു സമ്പൂർണനായ സത്യവിശ്വാസിയുടെ ഉയർന്നതും ഉന്നതവുമായ പദവിയും ഇതു തന്നെയാകുന്നു എന്നതാണ് സത്യം. അങ്ങനെ ബാഹ്യത്തിൽ ശോഷിച്ച ശരീരനും ദുർബലനുമായ ഹദ്റത്ത് അബൂഉബയ്ദഃ(റ) തിരുദൂതരുടെ സഖാക്കളിൽ "കരുത്തനായ വിശ്വസ്തൻ" (അൽഖവിയ്യുൽഅമീൻ) എന്ന സ്ഥാനപ്പേരിൽ സ്മരിക്കപ്പെടുന്നു. അദ്ദേഹം അമാനത്തുകളോടുള്ള എല്ലാ കടമകളും നിറവേറ്റി എന്നതിന് സാക്ഷ്യമാണിത്.

ദൈവസൃഷ്ടികളുടെ ഈ സാക്ഷ്യമുദ്ര പതിഞ്ഞത്, അല്ലാഹുവിന്റെ റസൂൽ(സ) തന്റെ ജീവിതത്തിന്റെ അവസാന വർഷങ്ങളിൽ അതായത് ഹിജ്റ ഒമ്പതിൽ നജ്റാനിലെ ക്രൈസ്തവ നാട്ടിൽനിന്ന് ഒരു ദൗത്യസംഘം മദീനയിൽ വരികയും തങ്ങൾ വാർഷികകപ്പം നല്കിക്കൊള്ളാം എന്ന വ്യവസ്ഥയിൽ അവരുമായി ഉടമ്പടി ചെയ്യുകയും ചെയ്ത സന്ദർഭത്തിലായിരുന്നു. ആ അവസരത്തിൽ കപ്പം പിരിച്ചെടുക്കാൻ അമാനത്തുകളോടുള്ള കടമകൾ നല്ലവണ്ണം നിറവേറ്റുന്ന ഒരാളെ തങ്ങൾക്കൊപ്പം അയച്ചു തരാൻ ദൗത്യസംഘം നബി(സ)തിരുമേനിയോടു അപേക്ഷിച്ചു. നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ ആശങ്കപ്പെടേണ്ട. അങ്ങേയറ്റം വിശ്വസ്തനായ ഒരാളെ നിങ്ങളോടൊപ്പം ഞാൻ അയക്കുന്നതാണ്.' ആ സമയം നബി(സ)തിരുമേനിയുടെ മജ്ലിസ് അത്ഭുതകരമായ ഒരു അവസ്ഥയിലായിരുന്നു. സ്വഹാബാക്കൾ ആ ഭാഗ്യവാൻ ആരാണെന്നറിയാൻ വളരെ ആകാംഷയോടെ തല ഉയർത്തിയുയർത്തി നോക്കിക്കൊണ്ടിരുന്നു. കാത്തിരിപ്പിന്റെ നിമിഷങ്ങൾ അവസാനിച്ചു. നബി(സ)തിരുമേനി പറഞ്ഞു: "അബൂഉബയ്ദഃ ഒന്ന് എഴുന്നേറ്റു നില്ക്കുക." അദ്ദേഹം തന്റെ ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റു നിന്നപ്പോൾ നബി(സ)തിരുമേനിയുടെ അനുഗ്രഹീത നാവിലൂടെ അബൂഉബയ്ദായ്ക്ക് അനശ്വരവും ചരിത്രപരവുമായ ആ സർട്ടിഫിക്കേറ്റ് നല്കപ്പെട്ടു. നബി(സ)തിരുമേനി പറഞ്ഞു: "ഈ സമുദായത്തിന്റെ വിശ്വസ്തനാണിത്." പിന്നീട് സ്വഹാബാക്കളോടു പറഞ്ഞു: "ഓരോ സമുദായത്തിലും ഒരു വിശ്വസ്തനുണ്ടാകും. എന്റെ സമുദായത്തിലെ ജനങ്ങളേ! നമ്മുടെ വിശ്വസ്തൻ അബൂഉബയ്ദഃ ബിൻ അൽജർറാഹ് ആകുന്നു."

'ഉമ്മത്തിന്റെ വിശ്വസ്തൻ' എന്ന സ്ഥാനപ്പേര് അബൂഉബയ്ദഃ(റ)യ്ക്ക് മഹത്തായൊരു ബഹുമതിയാണ്. മറ്റുള്ളവരോടുള്ള അദ്ദേഹത്തിന്റെ സൽപെരുമാറ്റത്തിന്റെ സംക്ഷിപ്തമാണ് അതിൽ വിവരിക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തെക്കുറിച്ച് നബി(സ) പറഞ്ഞു, "എനിക്ക് എന്റെ അനുചരന്മാരിൽ ഓരോരുത്തരുടേയും എന്തെങ്കിലുമൊക്കെ സ്വഭാവം പിടിച്ചെടുക്കാൻ കഴിയും; അബൂ ഉബയ്ദഃ ഒഴികെ. അദ്ദേഹം വളരെ നല്ലതും ഉന്നതവുമായ സ്വഭാവങ്ങൾ വഹിക്കുന്ന ആളാകുന്നു.

'സമുദായത്തിന്റെ വിശ്വസ്തൻ' എന്ന മഹത്തായ സ്ഥാനപ്പേര് കരസ്ഥമാക്കിയ ഒരു മഹാമനുഷ്യന്റെ ജീവിത ചരിത്രം മുമ്പേയും രചിക്കപ്പെട്ടിട്ടുണ്ട്. അമാനത്തുകൾ നിറവേറ്റുക എന്ന അദ്ദേഹത്തിന്റെ സുപ്രധാന വശത്തെ സംബന്ധിച്ച് എഴുതുമ്പോൾ ആ സുന്ദരനായ ചെറുപ്പക്കാരന്റെ ജീവിത ചരിത്രം പുതിയൊരു മാനം സൃഷ്ടിക്കുന്നു. ഹദ്റത്ത് അബൂഉബയ്ദഃ(റ) വൻധനശേഖരങ്ങളുടെ അമീനായി നിയമിക്കപ്പെട്ടിരുന്നു. ശക്തമായ ഇമാനത്തിന്റെ അമാനത്തും ആ മഹാത്മവിന് നല്കപ്പെട്ടിരുന്നു. അതെല്ലാം അദ്ദേഹം നല്ലനിലയിൽ നിറവേറ്റി.

**ബദ്ർയുദ്ധത്തിൽ പങ്കാളിത്തം**

ഒരു പട്ടാളക്കാരൻ എന്ന നിലയിൽ ബദ്ർ യുദ്ധത്തിൽ അദ്ദേഹത്തിന്റെ വിശ്വസ്തത പരീക്ഷിക്കപ്പെട്ടു. അത് ഇങ്ങനെയായിരുന്നു. ശത്രുസൈന്യത്തിൽ അദ്ദേഹത്തിന്റെ പിതാവ് ആമിറും ഉണ്ടായിരുന്നു. അബൂഉബയ്ദഃ(റ) ധീരനായ പട്ടാളക്കാരനെപ്പോലെ ധൈര്യം കാണിച്ചുകൊണ്ട് രണാങ്കണത്തിൽ മുന്നോട്ടു നീങ്ങുകയായിരുന്നു. പെട്ടെന്നാണ് പിതാവ് മുന്നിൽപ്പെട്ടത്. അദ്ദേഹം പല പ്രാവശ്യവും മകനെ വധിക്കാൻ ഉന്നം വെച്ചു നടക്കുകയായിരുന്നു. എത്രമാത്രം കഠിനവും വികാര നിർഭരവുമായിരുന്നു ആ നിമിഷമെന്ന് അല്പം ചിന്തിച്ചു നോക്കുക. ഒരു ഭാഗത്ത് പിതാവ്. മറുഭാഗത്ത് അല്ലാഹുവും അവന്റെ റസൂലും. അവർക്കെതിരിലാണ് പിതാവ് ഊരിപ്പിടിച്ച വാളുമായി നില്ക്കുന്നത്. സംഘർഷഭരിതമായ നിമിഷങ്ങൾ. പക്ഷേ, വീര്യശാലിയും വിശ്വസ്തനുമായ ഹദ്റത്ത് അബൂഉബയ്ദഃ(റ)യ്ക്ക് തീരുമാനമെടുക്കാൻ സമയം വേണ്ടിവന്നില്ല. അല്ലാഹുവിനുവേണ്ടി ഊരിയവാൾ റസൂലിന്റെ ശത്രുക്കളെ വകവരുത്താതെ- അത് പിതാവാണെങ്കിലും വേണ്ടില്ല- നിലയ്ക്കുകയില്ല. തൊട്ടടുത്ത നിമിഷം ബദ്റിന്റെ മൈതാനത്ത് അബൂഉബയ്ദഃയുടെ അന്യാരാധകനായ പിതാവ് ആമിർ, ഏകദൈവവിശ്വാസിയായ സ്വന്തം മകന്റെ കൈയാൽ വധിക്കപ്പെട്ടു കഴിഞ്ഞു. നിനക്കാശംസകൾ! ഈ സമുദായത്തിന്റെ വിശ്വസ്താനായിട്ടുള്ളവനേ! നിനക്കാശംസകൾ! നീ എത്രമാത്രം പ്രൗഢിയോടുകൂടിയാണ് വിശ്വസ്തതയോടുള്ള കടമ നിർവഹിച്ചത്? അതിനു നിനക്ക് പരിശുദ്ധമായ പിതൃപുത്ര ബന്ധം പ്രതിബന്ധമായില്ല.

അല്ലാഹു സമ്പൂർണ വിശ്വാസികളെ അതായത് അല്ലാഹുവിനുവേണ്ടി തങ്ങളുടെ കുടുംബബന്ധങ്ങളെപ്പോലും അരിഞ്ഞിടുന്ന സത്യവിശ്വാസികളെ പുകഴ്ത്തുന്ന വചനം ഖുർആനിലുണ്ട്. സ്വഹാബാക്കൾ ഈ ചരിത്ര സംഭവം ആ വചനവുമായി ചേർത്തു പറയാറുണ്ടായിരുന്നു. ആ വചനം ഇപ്രകാരമാണ്:

"അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ഒരു കൂട്ടർ അല്ലാഹുവിനേയും അവന്റെ ദൂതനേയും എതിർക്കുന്നവരുമായി സൗഹൃദം പുലർത്തുന്നത് നീ കാണുകയില്ല; അവർ സ്വപിതാക്കളോ സ്വസന്താനങ്ങളോ സ്വസഹോദരങ്ങളോ സ്വകുടുംബബന്ധുക്കളോ ആയാലും ശരി. അത്തരക്കാരാകട്ടെ, അല്ലാഹു അവരുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം എഴുതിവയ്ക്കുകയും തന്റെ പക്കൽനിന്നുള്ള വചനംകൊണ്ട് അവരെ അവൻ പ്രബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരെ അവൻ താഴോരത്തൂടെ ആറുകളൊഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യും. അവർ അവിടെ നിത്യവാസികളായിരിക്കും. അല്ലാഹു അവരെക്കുറിച്ച് തൃപ്തനായിരിക്കുന്നു. അവർ അവനെക്കുറിച്ചും തൃപ്തരായിരിക്കുന്നു. അവർ അല്ലാഹുവിന്റെ സംഘമത്രെ. അറിയുക അല്ലാഹുവിന്റെ സംഘം തന്നെയാണ് വിജയികൾ." (58:23) (തുടരും)

പേജ് 5 ൽ നിന്ന്

അങ്ങനെ അദ്ദേഹം സുവയ്ദ് ബിൻ മുഖർറിനെ തന്റെ പകരക്കാരനായി നിശ്ചയിച്ചു. അദ്ദേഹത്തോട് ഹഫീറിൽത്തന്നെ തങ്ങാൻ നിർദേശിക്കുകയും ചെയ്തു. അദ്ദേഹമാകട്ടെ ദജലയുടെ താഴ്ഭാഗത്ത് വിട്ടേച്ചുപോയ ആളുകളുടെ അടുത്തെത്തുകയും ചെയ്തു. ശത്രുക്കളെ സംബന്ധിച്ച് എപ്പോഴും ജാഗരൂകരായി ഇരിക്കാനും അലസരാകരുതെന്നും അവരെ ഉപദേശിച്ചു. പിന്നെ തന്റെ സൈന്യവുമായി വലജയിലേക്ക് മുന്നേറി. ശത്രുസൈന്യത്തെയും അവരുടെ സംഘങ്ങളെയും നേരിടാൻ ഇറങ്ങി. ഘോരയുദ്ധം നടന്നു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് സൈന്യത്തിന്റെ രണ്ടു ഭാഗത്തും യോദ്ധാക്കൾ മുഖേന സംരക്ഷണം ഒരുക്കിയിരുന്നു. അവസാനം സംരക്ഷണത്തിനുള്ള രണ്ട് സൈനിക സംഘങ്ങളും മുഖേന ശത്രുക്കൾക്കുമേൽ ആക്രമണം നടത്തി. ഇറാനിയൻ സൈന്യം പരാജയപ്പെട്ട് പിന്തിരിഞ്ഞോടി. പക്ഷേ, ഹദ്റത്ത് ഖാലിദ് ബിൻ വലീദ് മുന്നിൽ നിന്നും സംരക്ഷണ സംഘങ്ങൾ പിന്നിൽ നിന്നും അവരെ വളഞ്ഞു. അവർ തികച്ചും നിഷ്പ്രഭരായി. എത്രത്തോളമെന്നാൽ തങ്ങളുടെ കൂടെയുള്ളവർ കൊല്ലപ്പെടുന്നതുപോലും അവർ ഗൗനിച്ചില്ല. ശത്രു സൈന്യത്തിന്റെ സൈന്യാധിപൻ പരിക്ഷീണിതനായി അവസാനം കൊല്ലപ്പെട്ടു. കൃഷിക്കാരോട് ഹദ്റത്ത് ഖാലിദ് ബിൻ വലീദ് നേരത്തെയുള്ള നയംതന്നെ അനുവർത്തിച്ചു. അതായത് അവരെ വധിച്ചില്ല. യുദ്ധം ചെയ്യുന്നവരെയും അവരുടെ മക്കളെയും സഹായികളെയും ബന്ദികളാക്കി. സാധാരണ ജനങ്ങളോടു ജിസ്യ കൊടുക്കാനും ദിമ്മികളാകാനും ആവശ്യപ്പെട്ടു. അതവർ അംഗീകരിക്കുകയും ചെയ്തു. *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 312, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

അടുത്തത് ഉല്ലയ്സ് യുദ്ധമാണ്. ഉല്ലയ്സ് യുദ്ധം ഹിജ്റ പന്ത്രണ്ട് സ്വഫർ മാസത്തിലാണ് നടന്നത്. ഉല്ലയ്സും ഇറാഖിന്റെ പ്രാന്തപ്രദേശങ്ങളിലുള്ള ഒരു സ്ഥലമാകുന്നു. ഹദ്റത്ത് ഖാലിദിന്റെ കൈകളാൽ വലജയുടെ ദിവസം ബക്ർ ബിൻ വാഇൽ ഗോത്രത്തിനും ഇറാനികൾക്ക് സംഭവിച്ച മറ്റൊരു ദാരുണമായ പരാജയം കാരണവും അവരുടെ സഹോദരങ്ങളായ ക്രിസ്ത്യാനികൾ രോഷാകുലരായിരുന്നു. അവർ ഇറാനികൾക്കും ഇറാനികൾ അവർക്കും കത്തുകളെഴുതി. ഉല്ലയ്സ് എന്ന സ്ഥലത്ത് അവരെല്ലാവരും ഒരുമിച്ചുകൂടി. അവരുടെ നേതാവായി അബ്ദുൽ അസ്വദ് ഇജ്ലീനിയമിക്കപ്പെട്ടു. അങ്ങനെ ഇറാനിയൻ ചക്രവർത്തി ബഹ്മൻ ജാദ്‌വയ്ക്ക് ഇങ്ങനെ കത്തെഴുതി. നിങ്ങൾ നിങ്ങളുടെ സൈന്യവുമായി ഉല്ലയ്സിലെത്തുക. പേർഷ്യയിലെയും അറേബ്യായിലെയും ക്രിസ്ത്യാനികളിൽനിന്ന് അവിടെ സംഘടിച്ചിട്ടുള്ള ആളുകളുമായി കൂടിച്ചേരുക. പക്ഷേ, ബഹ്മൻ ജാദ്‌വയ സൈന്യത്തോടൊപ്പം പോയില്ല. അയാൾ തന്റെ സ്ഥാനത്ത് മറ്റൊരു പ്രസിദ്ധ യോദ്ധാവായ ജാബാനെ പറഞ്ഞയച്ചു. അയാൾക്ക് ഇങ്ങനെ കല്പന നൽകി. ജനഹൃദയങ്ങളിൽ യുദ്ധവീര്യമുണ്ടാക്കുക. പക്ഷേ, ഞാൻ വരുന്നതുവരെ ശത്രുക്കളുമായി യുദ്ധം ചെയ്യരുത്; അവർ സ്വയം ആരംഭം കുറിച്ചാലല്ലാതെ. ജാബാൻ ഉല്ലയ്സിലേക്ക് പുറപ്പെട്ടു. ബഹ്മൻ ജാദ്‌വയ ഇറാനിയൻ ചക്രവർത്തിയായ അർദശീറിന്റെ അടുത്തേക്ക് കൂടിയാലോചന നടത്താൻ പോയി. പക്ഷേ, അവിടെ എത്തിയപ്പോൾ രാജാവ് രോഗിയായി കിടക്കുന്നതാണ് കണ്ടത്. ബഹ്മൻ ജാദ്‌വയ അയാളുടെ

ശുശ്രൂഷയിൽ മുഴുകി. ജാബാന് ഒരു നിർദേശവും കൊടുത്തതുമില്ല. ജാബാൻ ഒറ്റക്ക് സൈന്യവുമായി യുദ്ധത്തിലേക്ക് നീങ്ങിക്കൊണ്ട് സ്വഫർ മാസത്തിൽ ഉല്ലയ്സിലെത്തി. *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 313, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ 2012)(മുഅ്ജമുൽ ബുൽദാൻ വാല്യം 1, പേജ് 294, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

വിവിധ ഗോത്രങ്ങളും ഹീറഹയുടെ പ്രാന്തപ്രദേശങ്ങളിലുള്ള അറേബ്യൻ ക്രിസ്ത്യാനികളും ജാബാന്റെ അടുക്കൽ ഒരുമിച്ചുകൂടി. ക്രിസ്ത്യൻ ഗോത്രങ്ങൾ ഒരുമിച്ചുകൂടുന്നു എന്ന അറിയിപ്പ് ഹദ്റത്ത് ഖാലിദിന് ലഭിച്ചപ്പോൾ അവരെ നേരിടാൻ പുറപ്പെട്ടു. പക്ഷേ, ജാബാനും വളരെ അടുത്തെത്തി എന്ന് അദ്ദേഹത്തിന് മനസ്സിലായി. ഹദ്റത്ത് ഖാലിദ് അവിടെയുള്ള അറബികളുമായും ക്രിസ്ത്യാനികളുമായും മാത്രം പൊരുതാനാണ് ഉദ്ദേശിച്ചിരുന്നത്. പക്ഷേ, ഉല്ലയ്സിൽ ജാബാനെ അഭിമുഖീകരിക്കേണ്ടി വന്നു. ജാബാൻ ഉല്ലയ്സിലെത്തിയപ്പോൾ അനറബികൾ ജാബാനോട് എന്താണ് ഉദ്ദേശ്യം എന്ന് ചോദിച്ചു. അതായത് ഞങ്ങൾ ആദ്യം അവരോട് യുദ്ധം ചെയ്യണമോ അതോ ഭക്ഷണം കഴിച്ചിട്ട് മതിയോ? എന്ന്. ജാബാൻ പറഞ്ഞു: 'ശത്രുക്കൾ നിങ്ങളുമായി പ്രശ്നം ഉണ്ടാക്കുന്നില്ലെങ്കിൽ നിങ്ങളും മൗനം പാലിക്കുക. പക്ഷേ, ഞാൻ കരുതുന്നത് അവർ നിങ്ങളെ ഓർക്കാപ്പുറത്ത് ആക്രമിക്കുമെന്നാണ്. അവർ നിങ്ങൾക്ക് ഭക്ഷണം കഴിക്കാൻ അവസരം നൽകില്ല. പക്ഷേ, അവർ ജാബാൻ പറഞ്ഞത് അനുസരിച്ചില്ല. ഭക്ഷണ തളികകൾ നിരത്തി. ഭക്ഷണം വിളമ്പി. എല്ലാവരെയും വിളിച്ചു. അവർ ഭക്ഷണം കഴിക്കുന്നതിൽ വ്യാപൃതരായി. *(അൽകാമിൽഫിത്താരീഖ് വാല്യം 2, പേജ് 241, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2006)*

ഹദ്റത്ത് ഖാലിദ് ശത്രുക്കളെ ആക്രമിക്കുന്നതിന് എത്തിക്കഴിഞ്ഞിരുന്നു. സാധന സാമഗ്രികൾ ഇറക്കാൻ കൽപിച്ചു. അത് പൂർത്തിയായപ്പോൾ ശത്രുക്കളിലേക്ക് തിരിച്ചു. ഹദ്റത്ത് ഖാലിദ് തന്റെ സമീപം സംരക്ഷണ സൈന്യത്തെ നിറുത്തിയിരുന്നു. ശത്രുക്കളുടെ നിരയിലേക്ക് കയറി അവരെ വെല്ലുവിളിച്ചുകൊണ്ട് പറഞ്ഞു: 'അബ്ഹർ എവിടെ? അബ്ദുൽ അസ്വദ് എവിടെ? മാലിക് ബിൻ ഖയ്സ് എവിടെ? മാലിക് ഒഴികെ ബാക്കി എല്ലാവരും ഭീരുത്വം കാരണം മിണ്ടാതിരുന്നു. മാലിക് അദ്ദേഹത്തെ നേരിടാൻ പുറപ്പെട്ടു. ഹദ്റത്ത് ഖാലിദ് അയാളോട് ചോദിച്ചു: 'ഇവരിൽ നിനക്കുമാത്രം എന്നെ നേരിടാൻ വരാൻ എങ്ങനെയാണ് ധൈര്യം വന്നത്? എന്നെ എതിർക്കാനുള്ള ശക്തി നിനക്ക് എവിടന്ന് കിട്ടി? ഇത്രയും പറഞ്ഞ് അദ്ദേഹം അയാളെ ആക്രമിക്കുകയും വധിക്കുകയും ചെയ്തു. അനറബികൾ എന്തെങ്കിലും ഭക്ഷണം കഴിക്കുന്നതിനുമുമ്പേ തന്നെ അവർക്ക് തങ്ങളുടെ ഭക്ഷണ തളികകൾ എടുത്ത് മാറ്റേണ്ടി വന്നു. ജാബാൻ തന്റെ ആളുകളോട് പറഞ്ഞു: 'നിങ്ങൾ ഭക്ഷണം കഴിക്കാൻ തുടങ്ങരുതെന്ന് ഞാൻ നേരത്തെ പറഞ്ഞതല്ലേ? ദൈവമാണ! എനിക്ക് ഇന്ന് യുദ്ധത്തിൽ അനുഭവപ്പെട്ടതുപോലെയുള്ള ഭയം മറ്റൊരു സൈന്യാധിപനെ നേരിടുമ്പോഴും ഉണ്ടായിട്ടില്ല.' അവർക്ക് ഭക്ഷണം കഴിക്കാൻ കഴിയാതെ വന്നപ്പോൾ അവർ തങ്ങളുടെ ധൈര്യം പ്രകടിപ്പിക്കാൻ വേണ്ടി ഇങ്ങനെ പറഞ്ഞു തുടങ്ങി: 'ഭക്ഷണം ഇപ്പോൾ ഞങ്ങൾ ഒഴിവാക്കുകയാണ്. ഇനി മുസ്ലിമീങ്ങളിൽ നിന്ന് പിന്തിരിഞ്ഞു വന്നതിനു ശേഷം ഭക്ഷണം കഴിക്കുന്നതാണ്.' ജാബാൻ പറഞ്ഞു: 'ദൈവമാണ! ഞാൻ കരുതുന്നത് നിങ്ങൾ ഈ ഭക്ഷണം ശത്രുക്കൾക്കുവേണ്ടി തയ്യാറാക്കി വെച്ചിരിക്കുന്നു എന്നാണ്. നിങ്ങൾ വിജയിക്കുമെന്നും പിന്നീട് കഴിക്കാമെന്നും കരുതേണ്ട. ഈ ഭക്ഷണം നിങ്ങളുടെ ശത്രുക്കൾതന്നെ കഴിക്കുന്നതാണ്.' അതായത് അത് മുസ്ലിമീങ്ങൾ തന്നെ കഴിക്കുന്നതാണ്. 'നിങ്ങൾ കാര്യം മനസ്സിലാക്കുന്നില്ല. ഇപ്പോൾ ഞാൻ പറഞ്ഞത് നിങ്ങൾ അനുസരിക്കൂ. നിങ്ങൾ ഈ ഭക്ഷണത്തിൽ വിഷം കലർത്തി വെക്കുക. ഇനി നിങ്ങൾക്ക് വിജയം ലഭിക്കുകയാണെങ്കിൽ ഈ ഭക്ഷണം നഷ്ടപ്പെടുന്നത് കൊണ്ടുണ്ടാകുന്ന നഷ്ടം വളരെ ചെറുതായിരിക്കും. ഇനി ശത്രുക്കൾ വിജയിക്കുകയാണെങ്കിൽ നിങ്ങൾ ചെയ്തുവെച്ച ഈ പ്രവൃത്തി കാരണം ശത്രുക്കൾ പ്രയാസത്തിൽ അകപ്പെടുന്നതാണ്.' പക്ഷേ, അവർക്ക് വിജയത്തെ കുറിച്ച് പൂർണ വിശ്വാസമുണ്ടായിരുന്നു. അവർ പറഞ്ഞു: 'ഇതിൽ വിഷം കലർത്തേണ്ട ആവശ്യമില്ല. ഞങ്ങൾ സുഖമായി യുദ്ധം ജയിക്കുകയും പിന്നെ വന്നു ഭക്ഷണം കഴിക്കുകയും ചെയ്യുന്നതാണ്.' ഹദ്റത്ത് ഖാലിദ്(റ) തന്റെ സൈന്യത്തെ നേരത്തെ യുദ്ധങ്ങളിൽ ചെയ്യുന്നതുപോലെതന്നെ അണിനിരത്തി. ശക്തമായ യുദ്ധം തുടങ്ങി. ഇറാനികൾ ബഹ്മൻ ജാദ്വയ വരുമെന്ന പ്രതീക്ഷയിലായിരുന്നു. അതുകൊണ്ട് നല്ലപോലെ ഉറച്ചുനിന്ന് പൊരുതി. ജാബാൻ അവർക്ക് മറ്റൊരു സൈന്യം കൂടി പുറപ്പെട്ടിട്ടുണ്ടെന്നും ഉടൻ തന്നെ എത്തുമെന്നുമുള്ള പ്രതീക്ഷകൾ നൽകിക്കൊണ്ടിരുന്നു. പക്ഷേ, വാസ്തവത്തിൽ ബഹ്മന്, ഇറാനി രാജാവ് രോഗിയായതു കാരണം കാര്യങ്ങളെ സംബന്ധിച്ച് രാജാവിനോട് സൂചിപ്പിക്കാൻ പോലും അവസരം കിട്ടുകയോ സൈന്യവുമായി വരാനോ കഴിഞ്ഞില്ല. മാത്രമല്ല ജാബാനുമായി ഒരു തരത്തിലും ബന്ധപ്പെടാനും കഴിഞ്ഞിരുന്നില്ല. ഈ യുദ്ധത്തിൽ മുസ്ലിമീങ്ങളും ശത്രുക്കൾക്കെതിരിൽ വളരെ ആവേശത്തോടെ ശക്തമായി പൊരുതി. *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 313, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2012)*

ഇറാനിയൻ സൈന്യത്തിന്റെ ആവേശത്തേയും മുസ്ലിമീങ്ങൾക്കുണ്ടായ ബലക്ഷയത്തേയും കുറിച്ച് ഒരു ചരിത്രകാരൻ എഴുതുന്നു: 'ഇറാനിയൻ സൈന്യത്തിൽനിന്ന് ആദ്യം ക്രിസ്ത്യാനികളാണ് യുദ്ധം ചെയ്തത്. പക്ഷേ, അവരുടെ നേതാവ് മാലിക് ബിൻ ഖയ്സ് കൊല്ലപ്പെട്ടു. അയാൾ കൊല്ലപ്പെട്ടപ്പോൾ അവരുടെ കാറ്റുപോകുകയും അവർ നിരാശരാകുകയും ചെയ്തു.

ഇത് കണ്ടപ്പോൾ ജാബാൻ ഇറാനിയൻ സൈന്യത്തെ മുന്നിലേക്ക് അയച്ചു. ഇറാനികൾ ബഹ്മൻ പുതിയ സഹായക സൈന്യവുമായി വരുന്നുണ്ടെന്ന പ്രതീക്ഷയിൽ നല്ല ധൈര്യപൂർവം യുദ്ധം ചെയ്തു. മുസ്ലിമീങ്ങളും കൂടെക്കൂടെ ആക്രമിച്ചു കൊണ്ടിരുന്നു. പക്ഷേ, എല്ലാ തവണയും ഇറാനികൾ വളരെ സ്ഥൈര്യത്തോടെയും ഉറച്ച ചുവടുകളുമായും ആക്രമണങ്ങളെ നിഷ്പ്രഭമാക്കി കൊണ്ടിരുന്നു. അവസാനം ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ഭൗതിക സാധന സാമഗ്രികൾ മാത്രം അപര്യാപ്തമാണെന്ന് കണ്ടപ്പോൾ വളരെ വിനയാന്വിതനായി കൈകളുയർത്തി ഇങ്ങനെ ദുആ ചെയ്തു: "അല്ലാഹുവേ! നീ എനിക്ക് ശത്രുക്കൾക്കുമേൽ വിജയം നൽകുകയാണെങ്കിൽ ഞാൻ ഒരു ശത്രുവിനെയും ജീവനോടെ വിടുന്നതല്ല. ഈ നദി ശത്രുക്കളുടെ രക്തത്താൽ ചെമക്കുന്നതായിരിക്കും.' ചില ഗ്രന്ഥങ്ങളിൽ പറയുന്നു: 'ഹദ്റത്ത് ഖാലിദ് ശപഥം ചെയ്തിരുന്നു; അഥവാ ഇങ്ങനെ നേർച്ച നേർന്നിരുന്നു. ഈ യുദ്ധത്തിൽ വിജയിക്കുകയാണെങ്കിൽ ഒരു ശത്രു സൈനികനെയും ജീവനോടെ വിടുന്നതല്ല.' അതിനുശേഷം ഖാലിദ് യുദ്ധമുറകൾ പുറത്തെടുത്തുകൊണ്ട് സൈന്യത്തെ ഇടത്തും വലത്തും ഭാഗത്തുനിന്ന് ഇറാനിയൻ സൈന്യത്തിന്റെ വശങ്ങളിലൂടെ ആക്രമിക്കാൻ കൽപന കൊടുത്തു. ഈ ആക്രമണത്തോടുകൂടി ഇറാനിയൻ സൈന്യം ചിന്നിച്ചിതറി. പിന്തിരിഞ്ഞോടുകയോ ആയുധം താഴെയിടുകയോ ചെയ്യുന്നതാണ് സുരക്ഷിതത്വം എന്നവർക്ക് മനസ്സിലായി തുടങ്ങി. ഹദ്റത്ത് ഖാലിദ് ശത്രുക്കളെ ബന്ദിയാക്കാനും പൊരുതാൻ വരാത്ത ആരെയും കൊല്ലരുതെന്നും കല്പിച്ചു. ഏറ്റുമുട്ടാൻ വന്നവരെ മാത്രം വധിക്കുക. *(സീറത്ത് സയ്യിദുനാ ഹദ്റത്ത് സിദ്ദീഖെ അക്ബർ, പേജ് 671–672, മൻസൂബ് ബിഹി ഉസ്താദ് ഉമർ അബുന്നസ്ർ മുത്തർറജിം)*

ഇത് സംബന്ധിച്ച് റിസർച്ച് സെല്ലിൽ നിന്നുള്ള ഒരു കുറിപ്പുമുണ്ട്. അതെനിക്ക് ശരിയായി തോന്നുന്നു. അതിനെ വിശദീകരിച്ചുകൊണ്ട് താരീഖ് ത്വബരി അടക്കമുള്ള നിരവധി ചരിത്രകാരന്മാർ എഴുതിയിട്ടുമുണ്ട്. അതായത് ഹദ്റത്ത് ഖാലിദ്(റ) തന്റെ ദുആയിൽ ചെയ്ത ശപഥമനുസരിച്ച് ഒരു പകലും ഒരു രാത്രിയും ബന്ദികളെ കൊന്ന്, അവരുടെ രക്തം കാരണം വെള്ളം ചെമന്നതാകാൻ വേണ്ടി നദിയിലേക്ക് ഇടുകയുണ്ടായി. അതായത് അദ്ദേഹം യുദ്ധം ചെയ്യുന്നവരെ മാത്രമല്ല വധിച്ചത് മറിച്ച് ബന്ദികളെയും വധിച്ചുവത്രെ. അതു കാരണം ഈ നദി ഇന്നും 'നഹ്റുദ്ദം' അതായത് രക്തപ്പുഴ എന്നറിയപ്പെടുന്നു. *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 314, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2012)*

പക്ഷേ, ബന്ദികളെ കൊന്ന് നദിയിലേക്ക് എറിഞ്ഞു എന്ന് പറയപ്പെടുന്നത് ശരിയാണെന്നു തോന്നുന്നില്ല. ചരിത്രകാരന്മാർ അലസമായോ അതിശയോ

ക്തിപരമായോ ആണ് എഴുതിയിട്ടുള്ളത്. അതല്ലെങ്കിൽ ഇസ്‌ലാമിക യുദ്ധങ്ങളിൽ അനീതിയും അന്യായവുമുണ്ടെന്ന് വരുത്താൻ അവർ കള്ളക്കഥകൾ ചേർക്കാൻ തുനിഞ്ഞതാകാം. അവർ സന്ദർഭം കിട്ടുമ്പോഴൊക്കെ ഇത്തരത്തിലുള്ള കാര്യങ്ങൾ ചേർത്തിട്ടുണ്ടായിരുന്നു.

ചരിത്രകാരന്മാരിൽ പലരും ശത്രുക്കളുമായിരുന്നു. ഇത്തരം ശത്രുതയുള്ളവരും വെറുപ്പുള്ളവരും മുസ്‌ലിമീങ്ങൾക്കെതിരിൽ എന്തെങ്കിലുമൊക്കെ എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്. അങ്ങനെ അവർ, ബന്ദികളെ കൊന്ന് നദിയിലൂടെ ഒഴുക്കി എന്ന് എഴുതിയതും ആയിരിക്കാം. പ്രത്യക്ഷത്തിൽ അത്തരത്തിൽ എന്തെങ്കിലും ഒരു കാര്യം ചേർത്ത് കളവും കറ്റുകെട്ടും ജനങ്ങൾക്ക് മുന്നിൽ എത്തിച്ച് മുസ്‌ലിമീങ്ങൾ അക്രമം ചെയ്തുവെന്നും നിരയായുധരായ ബന്ദികളെ വധിച്ചുവെന്നും വരുത്തി തീർത്തതായിരിക്കാം. പക്ഷേ, ബന്ദികളെ കൊല്ലുന്നത് അക്കാലത്ത് നടപ്പിലുണ്ടായിരുന്ന യുദ്ധ മുറകളിൽ ആക്ഷേപാർഹമായ കാര്യമല്ലായിരുന്നു. എന്നിട്ടും ഇസ്‌ലാമിക യുദ്ധങ്ങളിൽ പ്രത്യേകിച്ചും നബി(സ)തിരുമേനിയുടേയും ഖിലാഫത്തെ റാഷിദയുടെയും കാലത്തുണ്ടായ യുദ്ധങ്ങളിൽ ഒരിക്കലും ബന്ദികളെ കൊല ചെയ്തിട്ടില്ല. ആ യുദ്ധങ്ങളിലെല്ലാം ആയിരക്കണക്കിന് ലക്ഷക്കണക്കിന് കൊല്ലപ്പെട്ടവരുടെ എണ്ണം കാണുന്നുണ്ട്. പക്ഷേ, അവർ എല്ലാവരും യുദ്ധം ചെയ്യുന്ന അവസ്ഥയിൽ കൊല്ലപ്പെട്ടവരായിരുന്നു. ഖാലിദ് ബിൻ വലീദിനെ പോലെയുള്ള സൈന്യാധിപൻ ചെയ്ത യുദ്ധങ്ങളെ കുറിച്ച് വായിക്കുമ്പോൾ അദ്ദേഹവും, എല്ലാ യുദ്ധങ്ങളിലും ആയുധം ഉപേക്ഷിക്കുകയും അനുസരണത്തിന് തയ്യാറാകുകയും ചെയ്തവരെ ജീവനോടെ വിടുകയാണുണ്ടായത്. ചരിത്രകാരന്മാരുടെ കഥാവിവരണങ്ങളുടെ ഗവേഷണങ്ങളിൽ നിന്നുപോലും മനസ്സിലാക്കാൻ കഴിയുന്നത് അദ്ദേഹം ആരെ വധിച്ചിട്ടുണ്ടെങ്കിലും അതിനെല്ലാം തക്കതായ കാരണമുണ്ടായിരുന്നു എന്നാണ്. ചുരുക്കത്തിൽ മേൽസംഭവവും കെട്ടിച്ചമച്ച കഥയാണെന്ന് ,മനസ്സിലാകുന്നു. കാരണം ചരിത്രകാരന്മാർ യുദ്ധത്തിന്റെ എല്ലാ വിവരണങ്ങളും വിശദീകരിക്കുന്നുണ്ട്. ചെറിയ ചെറിയ കാര്യങ്ങൾപോലും പരാമർശിച്ചിട്ടുമുണ്ട്. ചിലയാളുകൾ ഈ സംഭവത്തെ കുറിച്ച് പരാമർശിച്ചിട്ടേ ഇല്ല. അതുകൊണ്ടുതന്നെ ഇത് കെട്ടിച്ചമച്ചതാണെന്നതിനുള്ള തെളിവാണ്.

ഒരു ഗ്രന്ഥകാരൻ വളരെ സ്വതന്ത്ര ചിന്തയോടുകൂടി ചരിത്രം വിവരിക്കുമ്പോൾ ആക്ഷേപകരമായ കാര്യങ്ങൾപോലും എഴുതിപിടിപ്പിക്കുന്നു. അതിനോട് യോജിച്ചുകൊള്ളണമെന്നില്ല. അവരും ഈ സംഭവത്തെ വിവരിച്ചുകൊണ്ട് എഴുതുന്നത്, നിവേദകന്മാർ അതിശയോക്തിയുടെ പാരമ്യത്തിലാണ് എത്തിയിരിക്കുന്നതെന്നാണ്. ഖാലിദ് ഇസ്‌ലാമിന്റെ ശത്രുക്കളെ വധിക്കുന്നതിൽ ശക്തമായി നിലകൊണ്ടിരുന്നു എന്നത് ഉറപ്പാണ്. അത് കണ്ടപ്പോൾ ഖഅ്ഖാഅ്നും അയാളുടെ സുഹൃത്തുക്കൾക്കും അത് സഹിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും എഴുതുന്നു. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖും ഹദ്റത്ത് ഫാറൂഖെ അഅ്ളമും, ഡോക്ടർ താഹാ ഹുസയ്ൻ പേജ് 85-86)*

അതായത് ബന്ദികൾക്ക് മേൽ കാഠിന്യം കാണിച്ചിരുന്നു. പക്ഷേ, അവരെ കൊന്നു എന്നത് തെറ്റാണ്. മറ്റൊരു ചരിത്രകാരൻ ഈ സംഭവത്തെ വിവരിച്ചതിൽനിന്ന് ഇങ്ങനെ മനസ്സിലാക്കാൻ കഴിയുന്നു, യഥാർഥത്തിൽ ഇറാനികളെ കൊന്ന് നദിയിലേക്ക് എറിഞ്ഞിട്ടില്ല.

അദ്ദേഹം എഴുതുന്നു: ഹദ്റത്ത് ഖാലിദ് ധൈര്യപൂർവം യുദ്ധം ചെയ്ത് ക്രിസ്ത്യാനികളെ വധിക്കുകയും ഇറാനികളുടെ അണികളെ തകർക്കുകയും ചെയ്തു തുടങ്ങി. അത് മണ്ണ് കൊണ്ടുണ്ടാക്കിയ ചുമർ പോലെയായിരുന്നു. മാംസമുള്ള മനുഷ്യരെ പോലെയായിരുന്നില്ല. ഇറാനിയൻ സൈന്യം അതിന്റെ നീളം കാരണം ഒരുപാട് ദൂരത്തേക്ക് പരന്നിരുന്നു. അതുകൊണ്ട് അവർ ചന്ദ്രക്കല പോലെ പകുതി വളയമുണ്ടാക്കി മുസ്‌ലിമീങ്ങളെ തങ്ങളുടെ വരുതിയിലാക്കി. ഇപ്പോൾ മുസ്‌ലിമീങ്ങളുടെ നാലു ഭാഗത്തും ഇറാനികളും അറേബ്യൻ ക്രിസ്ത്യാനികളും മാത്രമാണ്. അവർ ആവേശത്തോടുകൂടി പൊരുതി. പക്ഷേ, മുസ്‌ലിമീങ്ങൾ പൊരുതുന്നതുപോലുള്ള ആവേശമൊന്നും ക്രിസ്ത്യാനികൾക്കുണ്ടായുരുന്നില്ല.

ഓരോ മുസ്‌ലിം യോദ്ധാവും രക്തദാഹിയായ സിംഹമായി മാറി. ശക്തമായി പൊരുതിക്കൊണ്ട് പുല്ലും വൈക്കോലും മുറിച്ച് മാറ്റുന്നതുപോലെ അറുത്തിട്ടു. ഇറാനികളും മുസ്‌ലിമീങ്ങളെ ശഹീദാക്കുകയും പരിക്കേൽപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും വളരെ കുറച്ചു മുസ്‌ലിമീങ്ങൾ മാത്രമേ വീഴുന്നുണ്ടായിരുന്നുള്ളു. പരിക്കേറ്റവർ കൂടുതൽ വീര്യത്തോടുകൂടി പൊരുതി. ഇറാനികൾ ധാരാളമായി മരിച്ചൊടുങ്ങുകയായിരുന്നു. അവരുടെ ശവശരീരങ്ങൾകാരണം യുദ്ധമൈതാനം നിറഞ്ഞു. പരിക്കേറ്റ ഇറാനികൾ യുദ്ധമുഖത്ത് നിന്നു ഓടിപ്പോയി. മുസ്‌ലിമീങ്ങൾ അന്ന് നടത്തിയ രക്തച്ചൊരിച്ചിൽ കാരണം അവരുടെ വസ്ത്രങ്ങളിൽ രക്തക്കറകളുണ്ടായി. ഖാലിദ് ബിൻ വലീദിന്റെ വസ്ത്രത്തിന്റെ അവസ്ഥയും ഇതുതന്നെയായിരുന്നു. ഇറാനികളുടെ രക്തംകൊണ്ട് ഭൂമി കുതിർന്നു. കൂടുതൽ രക്തം വെള്ളം പോലെ ഒഴുകാൻ തുടങ്ങി. അവസാനം ഇറാനികൾക്ക് പരാജയമുണ്ടായി. അവർ സ്വബോധം നഷ്ടപ്പെട്ട് ഓടാൻ തുടങ്ങി. മുസ്‌ലിമീങ്ങൾ അവരെ പിന്തുടരുകയും വളരെ ദൂരത്തോളം അവരെ വധിക്കുകയും പിടിച്ച് കെട്ടുകയുമൊക്കെ ചെയ്തുകൊണ്ടിരുന്നു. ഇറാനികൾ അസ്വസ്ഥരായി ഓടുകയും അവരിലെ ആയിരക്കണക്കിന് പടയാളികൾ നദിയിൽ വീണ് മുങ്ങിപ്പോകുകയും ചെയ്തു, ഇറാനികൾ ഒരുപാട് ദൂരത്തേക്ക് പോയതിന് ശേഷമാണ് മുസ്‌ലിമീങ്ങൾ തിരിച്ച് വന്നത്. ഈ യുദ്ധത്തിൽ എഴുപതിനായിരം ഇറാനികൾ കൊല്ലപ്പെട്ടു. നൂറ്റിമുപ്പത്തിയെട്ട് മുസ്‌ലിമീങ്ങൾ ശഹീദായി. ചരിത്രകാരന്മാർ, മുസ്‌ലിമീങ്ങൾ എങ്ങനെയാണ് ഇറാനികളുടെ ഇത്രയും വലിയ എണ്ണത്തെ വധിച്ചതെന്ന കാര്യത്തിൽ അത്ഭുതം കൂറുന്നു. *(ഖാലിദ് ബിൻ വലീദ്, സ്വാദിഖ് ഹുസയ്ൻ സിദ്ദീഖി, പേജ് 161-162)*

ഒരു ചരിത്രകാരൻ എഴുതുന്നു: നദി ചെമന്നു എന്ന സംഭവത്തെ ശരിയാണെന്ന് മനസ്സിലാക്കിയാൽ പോലും വ്യക്തമായി കാണാൻ കഴിയുന്നത് ഒരു പക്ഷേ, പരിക്കേറ്റ പടയാളികൾ വെള്ളത്തിൽ മുങ്ങിയത് കാരണം അങ്ങനെ സംഭവിച്ചതാകും. അതുകൊണ്ട് ഇത്തരം സംഭവങ്ങളിൽ അതിശയോക്തിയുടെ അംശവും ഒരു പരിധിവരെ ചേർന്നിട്ടുണ്ടാകും. അങ്ങനെ ഇസ്‌ലാമിക യുദ്ധങ്ങളെയും ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ വ്യക്തിത്വത്തെയും ആക്രമിക്കാൻ അവസരം ഉണ്ടാക്കിയതുമാകും.

ഈ യുദ്ധങ്ങളിൽ മുസ്‌ലിമീങ്ങൾ മൃഗീയ നിലപാട് സ്വീകരിച്ചുവെന്ന് ആക്ഷേപിക്കപ്പെട്ടിട്ടുണ്ട്. ഏതായാലും അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. പക്ഷേ, പ്രത്യക്ഷത്തിൽ ഇത് ഒരു ആരോപണമായി തന്നെ അനുഭവപ്പെടുന്നു.

എന്തായാലും ശത്രുക്കൾ പരാജയപ്പെടുകയും അവരുടെ സൈന്യം ചിന്നിച്ചിതറുകയും മുസ്‌ലിമീങ്ങൾ അവരെ പിന്തുടർന്ന് തിരിച്ചുവരികയും ചെയ്തപ്പോൾ ഹദ്റത്ത് ഖാലിദ് ഭക്ഷണത്തിന് സമീപം നിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: 'ഇത് ഞാൻ നിങ്ങൾക്ക് നൽകുകയാണ്. ഇതു നിങ്ങൾക്കു വേണ്ടിയുള്ളതാണ്. കാരണം നബി(സ)തിരുമേനി യുദ്ധങ്ങളിൽ നിന്ന് പിന്തിരിഞ്ഞോടുന്ന ശത്രുക്കൾ തയ്യാറാക്കിയ ഭക്ഷണം തന്റെ സൈന്യത്തിന് വിതരണം ചെയ്തിട്ടുണ്ടായിരുന്നു.' അങ്ങനെ രാത്രി ഭക്ഷണം എന്ന നിലക്ക് മുസ്‌ലിമീങ്ങൾ അത് കഴിച്ചു. നേരത്തെ പറഞ്ഞതുപോലെ ഉല്ലയ്സ് യുദ്ധത്തിൽ


ത്വാലിബെ ദുആ

SABIR BURQA HOUSE

ALL TYPES OF READYMADE BURQA

ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.

CIVIL LINES ROAD, OPP.FOUR STORY QADIAN

CONTACT NO: 98884 45694 (SABIR AHMAD)


**• കലാമുൽ ഇമാം •**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

*(മൽഫൂദാത്ത് വാള്യം 1, പേജ് 220)*


ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

70000 ശത്രുക്കൾ കൊല്ലപ്പെട്ടു. *(താരീഖ് അത്ത്വബരി വാള്യം 2, പേജ് 314, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

അംഗീശിയാ ജയിച്ചടക്കിയതിനെ കുറിച്ച് എഴുതുന്നു: അല്ലാഹു ഹിജ്റ പന്ത്രണ്ട് സ്വഫർ മാസത്തിൽ യുദ്ധം കൂടാതെ തന്നെ അംഗേശിയയ്ക്കുമേൽ വിജയം നൽകി. അംഗേശിയാ ഇറാഖിലുള്ള ഒരു പ്രദേശമാകുന്നു. ഹദ്റത്ത് ഖാലിദ്, ഉല്ലയ്സ് വിജയത്തിനുശേഷം തയ്യാറെടുപ്പുകൾ നടത്തി അംഗേശിയായിലെത്തി. പക്ഷേ, അദ്ദേഹം വരുന്നതിനുമുമ്പേതന്നെ അവിടുത്തെ വാസികൾ വേഗം തങ്ങളുടെ നാട് വിട്ടോടിപോയി. സവാദിൽ ചിതറിപ്പോയി. ഇറാഖിൽ ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് മുസ്ലിമീങ്ങൾ ജയിച്ചടക്കിയ ഈ പ്രദേശങ്ങൾ, അവിടെയുണ്ടായിരുന്ന കൃഷിയുടെ പച്ചളിപ്പ് കാരണമാണ് സവാദ് എന്ന പേരിൽ അറിയപ്പെടുന്നത്. ഹദ്റത്ത് ഖാലിദ് അംഗേശിയായും അതിന്റെ പ്രാന്തപ്രദേശങ്ങളിലുള്ള സ്ഥലങ്ങളും ശക്തിപ്പെടുത്താൻ കൽപിച്ചു. അംഗേശിയാ ഹീറഹിനെ പോലെതന്നെയുള്ള പട്ടണമായിരുന്നു. ഉല്ലയ്സ് ഈ പ്രദേശത്തിലെ സൈനിക കേന്ദ്രവുമായിരുന്നു. മുസ്ലിമീങ്ങൾക്ക് അംഗേശിയായിൽ നിന്ന് കിട്ടിയ സമരാർജ്ജിത സ്വത്തുക്കൾ ദാത്തുസ്സലാസിൽ മുതൽ ഇതുവരെ മറ്റൊരു യുദ്ധത്തിലും കിട്ടിയിട്ടില്ല. ഈ യുദ്ധത്തിൽ അശ്വാരൂഢന്മാരുടെ വിഹിതം ആയിരത്തി അഞ്ഞൂറ് ദിർഹം ആയിരുന്നു. ഇത് ഉന്നതമായ പ്രകടനങ്ങൾ കാഴ്ചവെച്ചവർക്ക് നൽകിയ സമരാർജ്ജിത സ്വത്തുക്കൾക്ക് പുറമെയാണ്. ഉല്ലയ്സും അംഗേശിയായും ജയിച്ചടക്കിയ വിവരം ഹദ്റത്ത് ഖാലിദ് ബനൂഅജലിലെ ജൻദൽ എന്നുപേരുള്ള ഒരാൾ മുഖേന അയക്കുകയുണ്ടായി. അദ്ദേഹം യോദ്ധാവായ വഴികാട്ടി എന്ന നിലക്ക് പ്രസിദ്ധനായിരുന്നു. അദ്ദേഹം ഹദ്റത്ത് അബൂബക്ർ(റ)ന്റെ സവിധത്തിലെത്തി ഉല്ലയ്സിന്റെ വിജയവർത്തയും സമരാർജ്ജിത സ്വത്തുക്കളുടെ കണക്കും ബന്ദികളുടെ എണ്ണവും അഞ്ചിലൊന്ന് ഭാഗമെന്ന നിലയ്ക്ക് കിട്ടിയിട്ടുള്ള സാധനങ്ങളും പ്രശസ്തമായ പ്രകടനങ്ങൾ കാഴ്ചവെച്ചവരുടെ വിവരണങ്ങളും പ്രത്യേകിച്ചും ഹദ്റത്ത് ഖാലിദിന്റെ ധൈര്യവും വളരെ നല്ല രീതിയിൽ വിവരിക്കുകയുണ്ടായി. ഹദ്റത്ത് അബൂബക്റിന് അദ്ദേഹത്തിന്റെ ഉറച്ച അഭിപ്രായങ്ങളും വിജയവാർത്ത കേൾപ്പിക്കുന്ന ശൈലിയും ഏറെ ഇഷ്ടപ്പെട്ടു. അതായത് ഈ വന്ന പ്രതിനിധിയുടെ യുദ്ധ വിവരണവും ശൈലിയും ഹദ്റത്ത് അബൂബക്റിന് ഇഷ്ടമായി. അദ്ദേഹം ആഗതനോട് താങ്കളുടെ പേരെന്താണെന്ന് അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു: എന്റെ പേര് ജൻദൽ എന്നാണ്. ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'വളരെ നല്ലത്.' തുടർന്ന് അദ്ദേഹം സമരാർജ്ജിത സ്വത്തുക്കളിലുണ്ടായിരുന്ന ഒരു അടിമ സ്ത്രീയെ അദ്ദേഹത്തിന് കൊടുക്കാൻ കൽപിച്ചു. അതിൽ അദ്ദേഹത്തിന് മക്കളുമുണ്ടായി. ആ സന്ദർഭത്തിൽ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'ഇനി ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ പോലെയുള്ള ആളുകളെ ജനിപ്പിക്കാൻ സ്ത്രീകൾക്ക് കഴിയുന്നതല്ല.' *(താരീഖ് അത്ത്വബരി വാള്യം 2, പേജ് 314-315, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)(ഹദ്റത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ പേജ് 312, ഇസ്ലാമീ കുതുബ് ഖാന ലാഹോർ)(മുഅ്ജമുൽ ബുൽദാൻ വാള്യം 1, പേജ് 301, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(മുഅ്ജമുൽ ബുൽദാൻ വാള്യം 3, പേജ് 309, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)* ബാക്കി ഇൻശാ അല്ലാഹ് തുടരുന്നതാണ്.

പേജ് 1 ൽ നിന്ന്

രണയും ഉണ്ടാകുന്നതാണ്. ഒരാളുടെ ചീത്തപ്രവൃത്തിയുടെ ഫലമായി മറ്റുളള നൂറുക്കണക്കിനാളുകൾ ദേശീയ വ്യവസ്ഥിതിയുടെ നേട്ടങ്ങളിൽനിന്ന് പിന്തള്ളപ്പെട്ടുപോകുന്നതാണ്. അതുകൊണ്ട് ആകുന്നിടത്തോളം, മനുഷ്യൻ പരസ്പരമുളള വിശ്വാസം നിലനിൽക്കാനും ഇഷ്ടത്തോടും താൽപര്യത്തോടും പരസ്പര സഹായത്തിന് തയ്യാറാകുന്നതിനും ജനത അഭിവൃദ്ധിപ്പെടുന്നതിനും തന്റെ വാഗ്ദാനങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

വ്യക്തിപരമായ കരാറിന് പുറമെ സമൂഹപരമായ കരാറുമുണ്ട്. അതായത് വ്യക്തികൾ ഒരു വ്യക്തിയുടെ കൈയിൽ സമൂഹപരമായ പുരോഗതിക്കുവേണ്ടി കരാർ ചെയ്യുന്നു. ഇതിന്റെ പേരാണ് ഖിലാഫത്ത്. ആ കരാറും ഇതിന്റെ ഉള്ളിൽ അടങ്ങിയിട്ടുണ്ട്. ഈ ആയത്തിൽ അതിലേക്കും സൂചന കാണാം. പറയുന്നു, അല്ലാഹു നിങ്ങളുടെ ജമാഅത്ത് ഉണ്ടാക്കി. ഒരു വ്യവസ്ഥിതി സ്ഥാപിച്ചു. നിങ്ങൾ ആ വ്യവസ്ഥിതിയെ അനുസരിക്കുമെന്ന് പ്രതിജ്ഞകൾ ചെയ്തു. അതു നിറവേറ്റിക്കൊണ്ടിരിക്കണം. ഇല്ലെങ്കിൽ നിങ്ങളുടെ ത്യാഗങ്ങൾകൊണ്ട് ഇസ്ലാമിന് മറ്റുളളവരുടെ മേലുണ്ടായിട്ടുള്ള ആദരയുക്തമായ ഭയം പൊയ്പ്പോകുന്നതായിരിക്കും. പിന്നെ ആദ്യംമുതലെ അധ്വാനിക്കേണ്ടതായി വരും. ഇത് വളരെ വലിയൊരു രാഷ്ട്രീയപരമായ പോയന്റാണ് പറഞ്ഞത്. കുറച്ചാളുകളുടെ ഭിന്നിപ്പുകൊണ്ട് സകല വ്യവസ്ഥിതിയും തകർന്നുപോകുന്നു. ജനതയുടെ അധ്വാനം വൃഥാവിലായിപ്പോകുന്നു. ആദ്യം മുതലേ അധ്വാനിക്കേണ്ടതിന്റേയും ത്യാഗങ്ങൾ ചെയ്യേണ്ടതിന്റേയും ആവശ്യമുണ്ടാകുന്നു. എന്നാൽ, ഛിന്നഭിന്നമായ വസ്തു വീണ്ടും പുതിയതുപോലെ കൂടിച്ചേരുകയില്ല. എപ്പോഴും ചേർന്നിരുന്നതുപോലെ തകർന്ന ഹൃദയം കൂടിച്ചേരുകയില്ല. അതുകൊണ്ട് ഈ പ്രതിജ്ഞ നിലനിറുത്തുന്നതിന് അങ്ങേയറ്റം കഠിനമായ അധ്വാനത്തിന്റ ആവശ്യമുണ്ടാകുന്നു.

ഈ ആയത്തിന്റെ പദങ്ങളിൽനിന്ന് അന്യജനതകളോടു ഉടമ്പടികൾ ചെയ്യുന്നതിനെ കുറിച്ചും പറയുന്നുണ്ടെന്നും മനസ്സിലാകുന്നുണ്ട്. ഈ വിഷയത്തിന്റെ അടിസ്ഥാനത്തിൽ ഈ വചനത്തെ സ്ഥിരമായ ഒരു വിഷയമായി നിശ്ചയിക്കേണ്ടതായി വരും. അതായത് ലാ തകൂനൂ എന്നതിൽനിന്ന് പുതിയ വിഷയം ആരംഭിക്കുന്നുവെന്ന് മനസ്സിലാക്കപ്പെടുന്നതായിരിക്കും. അതിന്റെ ഉദ്ദേശ്യം എപ്രകാരം അല്ലാഹുവിനോടുളള പ്രതിജ്ഞയും തങ്ങളുടെ ആഭ്യന്തരമായ പ്രതിജ്ഞയും പാലിക്കേണ്ടത് നിർബന്ധമാണോ അതേ പ്രകാരം മറ്റുള്ള ജനതയോടു ചെയ്യപ്പെട്ടിട്ടുള്ള പ്രതിജ്ഞയും പാലിക്കേണ്ടത് നിർബന്ധമാണ്. ആ പ്രതിജ്ഞകൾ സംരക്ഷിച്ച് വെക്കുക. ഇല്ലെങ്കിൽ ലോകത്തിന്റെ സമാധാനം നശിച്ചുപോകുന്നതായിരിക്കും. അങ്ങനെ ദഖലൻ എന്ന പദവും ഇക്കാര്യം പ്രകടിപ്പിക്കുന്നു. കല്ലത്തീ നഖളത്ത് ഗസലഹാ മിൻ ബഅ്ദി ഖുവ്വത്തിൻ എന്നതുകൊണ്ടുള്ള ഉദ്ദേശ്യവും ഇതുതന്നെയാണ്. അതായത് സമാധാനം സ്ഥാപിതമായതിനുശേഷം കലഹത്തിന്റെ അവസ്ഥ ഉണ്ടാകരുത്. *(തഫ്സീറെ കബീർ, വാള്യം 4, പേജ് 229, പ്രസാധനം ഖാദിയാൻ 2010)*

പേജ് 12 ൽ നിന്ന്

ഓരോരുത്തർക്കും യഹൂദിയോ ക്രിസ്ത്യാനിയോ മുസ്ലിമോ ആകാനുള്ള അവകാശമുണ്ട്. പരസ്പരം വിദ്വേഷം പുലർത്താൻ പാടില്ല. ഒരു തരത്തിലുമുള്ള തടസ്സങ്ങളുണ്ടാകരുത്. ഇതേ ഗുണം ജർമനിയിലും ഇതര പാശ്ചാത്യ രാജ്യങ്ങളിലുമുണ്ട്. ഇവിടെ മത സ്വാതന്ത്ര്യം നിലനില്ക്കുന്നു. ഇത് നിലനില്ക്കുവോളം ഇവിടെ സമാധാനവും നിലനില്ക്കും, രാജ്യം പുരോഗതിയും നേടിക്കൊണ്ടിരിക്കും.

ഫെഡറൽ പാർലമെന്റംഗവും സംസാരിച്ചിരുന്നു. മസ്ജിദ് സമാധാനത്തിന്റെ അടയാളമാണെന്ന് അദ്ദേഹം പറഞ്ഞു. വളരെ നല്ല കാര്യമാണ് മസ്ജിദിനെ സംബന്ധിച്ച് അദ്ദേഹം സൂചിപ്പിച്ചത്. മസ്ജിദ് നിർമാണത്തിലൂടെ മുസ്ലിമീങ്ങൾ ഇവിടെ അലിഞ്ഞുചേരാൻ ആഗ്രഹിക്കുന്നു എന്നതാണ് വെളിപ്പെടുന്നത്. മസ്ജിദ് നിർമാണം നമുക്ക് നിശ്ചയമായും സന്തോഷിക്കാൻ വകനല്കുന്നു. ഈ രാജ്യത്തിന്റെ ഭാഗമാണെന്നും ഒപ്പം വെളിപ്പെടുന്നു. ഒരുമിച്ചുചേർന്ന് ഈ രാജ്യത്തിന്റെ പുരോഗതിയിൽ പങ്കാളിയാകാൻ അവർ ആഗ്രഹിക്കുന്നു. സ്വന്തം മതത്തിന്റെ ചര്യകൾക്കും അധ്യാപനങ്ങൾക്കും അനുസ്വതമായി ആരാധന നിർവഹിച്ചു കൊണ്ട് ഈ നാട്ടിന്റെ ഉന്നമനത്തിനായി എന്തെല്ലാം ചെയ്യണമോ അതെല്ലാം ചെയ്യാൻ അവർ ആഗ്രഹിക്കുന്നു. ചെയ്യുകയും ചെയ്യും. ഇതു തന്നെയാണ് മസ്ജിദുകളുടെ പ്രാധാന്യവും. കാരണം വിശുദ്ധ ഖുർആനും ഇക്കാര്യം വളരെ വിശദമാക്കുന്നുണ്ട്. മസ്ജിദിൽ വന്നതിന്നു ശേഷം നിങ്ങൾ അനാഥകളെ കുറിച്ച് വിചാരിക്കുന്നില്ലെങ്കിൽ, മാനുഷിക മൂല്യങ്ങളെ കുറിച്ച് വിചാരിക്കുന്നില്ലെങ്കിൽ, ഇതരരെ ബുദ്ധിമുട്ടിക്കുകയാണെങ്കിൽ നിങ്ങളുടെ നമസ്കാരങ്ങളും മസ്ജിദിലുള്ള വരവും അത് നിർമിക്കലും വ്യർഥമാണ്. അതുകൊണ്ട് ഈ മസ്ജിദ് നിർമാണത്തിനോടൊപ്പം ഉന്നതനായ ദൈവത്തെ ആരാധിക്കുന്നതിൽ വർധന വരുത്തുന്നതിനോടൊപ്പം പരസ്പര വികാരങ്ങളെ കുറിച്ചും ചിന്തവെച്ചു പുലർത്തേണ്ടതാണ്. ഏതു മതവുമായി ബന്ധപ്പെട്ട ആളാണെങ്കിലും ശരി, മതനിരാസമുള്ള വ്യക്തിയാണെങ്കിലും ശരി അവരുടേയും വികാരങ്ങളെ മാനിക്കുക. മതപരമായ അഭിപ്രായ വ്യത്യാസങ്ങളെ മുന്നിൽ വെക്കുന്നതിന്നു പകരം പൊതുവായ കാര്യങ്ങളെ മുന്നിൽ വെക്കുക. തന്മൂലം നമുക്ക് ഒന്നായി പ്രവർത്തിക്കാൻ സാധിക്കും. രാജ്യത്തിന്റേയും ജനതയുടേയും ഉന്നമനത്തിനായി പ്രവർത്തിക്കാൻ സാധിക്കും. (തുടരും)




ബദർ
The Weekly BADR Qadian (Malayalam)
https://www.akhbarbadrqadian.in/

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 7 ലക്കം 33 പേജ് 9, കോളം 2-ൽ നിന്ന്)

ഇവിടെ പ്രസംഗിച്ച സൈനിക ഓഫീസറും വളരെ നല്ലൊരു കാര്യമാണ് പറഞ്ഞത്. 30 വർഷം മുമ്പേ അഹ്മദികൾ ഇവിടെ വന്നപ്പോൾ അദ്ദേഹത്തിന്റേയും കുടുംബത്തിന്റേയും ഉള്ളിൽ ഒരു ഭയം ത്തിൽ ഇവിടെ പ്രസംഗിച്ച സൈനിക ഓഫീസറും വളരെ നല്ലൊരു കാര്യമാണ് പറഞ്ഞത്. 30 വർഷം മുമ്പേ അഹ്മദികൾ ഇവിടെ വന്നപ്പോൾ അദ്ദേഹത്തിന്റേയും കുടുംബത്തിന്റേയും ഉള്ളിൽ ഒരു ഭയം ഉടലെടുത്തിരുന്നു. love for all, hatred for none എല്ലാവരോടും സ്നേഹം , ആരോടുമില്ല വെറുപ്പ് എന്ന ബാനർ ഉയർന്നപ്പോൾ ഇതൊരു പ്രദർശന പരതയായിട്ടാണ് അവർക്ക് തോന്നിയത്. ഇന്നുള്ള അവസ്ഥയല്ല 30 വർഷം മുമ്പേ ഉണ്ടായിരുന്നത്. എന്നിട്ടും മുസ്‌ലിമീങ്ങളെ കുറിച്ച് ഒരു ഭയം നിലനിന്നിരുന്നു. എന്നാലിത് വെളിപ്പെടുത്താൻ സാധിച്ചില്ലെങ്കിലും ഹൃദയത്തിൽ ഭയം നിലനിന്നിരുന്നു. എന്നാൽ, അഹ്മദിയോടൊപ്പം നീണ്ട 30 വർഷം അവർ നയിച്ച ജീവിതം ഈ ഭയത്തെ നീക്കി. അഹ്മദികൾ ഇവിടെ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം വെളിപ്പെടുത്തിക്കൊണ്ട് പ്രയത്നിച്ചതിനാലാണിത്.

ഇസ്‌ലാം അയൽവാസികളുടെ അവകാശങ്ങൾ നിർവഹിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. അയൽവാസികളുടെ അവകാശങ്ങളെങ്ങനെ നിർവഹിക്കണമെന്ന് അഹ്മദികൾ കാണിച്ചുകൊടുത്തു. ഇക്കാര്യങ്ങൾ അവരുടെ സംശയങ്ങളും ആശങ്കകളും അകറ്റി. അയൽവാസികളോടുള്ള അവകാശങ്ങളെ കുറിച്ച് ഞാനിവിടെ വ്യക്തമാക്കട്ടെ. വിശുദ്ധ ഖുർആനിൽ വളരെ വിശദമായി അയൽവാസികളാരെന്ന് വിശദീകരിക്കുന്നുണ്ട്. നിങ്ങളുടെ വീടിനോട് അടുത്ത് താമസിക്കുന്നവർ അയൽവാസികളാണ്. നിങ്ങളോടൊപ്പം ജോലി ചെയ്യുന്നവരും യാത്ര ചെയ്യുന്നവരും നിങ്ങളുടെ അയൽവാസികളാണ്. ഇപ്രകാരം അയൽവാസികളുടെ ഒരു നീണ്ട ലിസ്റ്റുണ്ട്. അവരെ ആദരിക്കേണ്ടതും ബഹുമാനിക്കേണ്ടതും നിങ്ങൾക്ക് അനിവാര്യമാണ്. ഇസ്‌ലാംമത സ്ഥാപകരും ദൈവിക പ്രവാചകരുമായ ഹദ്റത്ത് മുഹമ്മദ്(സ) പറയുന്നു: 'അല്ലാഹു അയൽവാസിയുടെ അവകാശങ്ങൾ നിർവഹിക്കാന് എന്നോട് എത്രമാത്രം ഊന്നിപ്പറഞ്ഞുവെന്നാൽ അയൽവാസിയേയും അനന്തരാവകാശ സ്വത്തിൽ പങ്കാളിയാക്കാൻ കൽപ്പിക്കുമോ എന്ന തോന്നൽ എനിക്കുണ്ടായി. ചുരുക്കത്തിൽ അയൽവാസിക്ക് ഇത്രയധികം പ്രാധാന്യം ഇസ്‌ലാമികാധ്യാപനത്തിൽ നല്കപ്പെടുന്നു. നബി(സ)തിരുമേനിയുടെ പ്രവൃത്തിയും ഓരോ സത്യവാനായ മുസ്‌ലിമിന്റെ പ്രവൃത്തിയും ഇതിന് നേർ സാക്ഷിയാണ്.

പിന്നീട് values-ന്റെ സംസാരമുണ്ടായി. വിവിധതരത്തിലുള്ള ആളുകളാണ്. സംസ്കാരങ്ങളാണ്. അവർക്ക് അവരുടേതായ values ഉണ്ട്. എല്ലാ ഓരോരുത്തർക്കും values ഉണ്ട്. നല്ലതും നിലനിൽക്കേണ്ടതുമാണ്. യഥാർഥമായിട്ടുള്ളത് ധാർമികപരമായ values കളാണ്. ഉന്നതമായിട്ടുള്ള ധാർമിക ഗുണങ്ങൾ എല്ലാവരുടേതും ഒന്നാണ്. അതുകൊണ്ട് നിങ്ങൾ ഉന്നതമായ ധാർമികഗുണങ്ങൾ നിലനിറുത്തുകയാണെങ്കിൽ, ഉന്നതമായ ധാർമിക ഗുണങ്ങളുടെ values നിലനിറുത്തകയാണെങ്കിൽ, ഉന്നതമായ ധാർമികഗുണങ്ങളുടെ മൂല്യങ്ങൾ നിലനിറുത്തകയാണെങ്കിൽ പിന്നെ എല്ലാവരും ഈ പാരമ്പര്യങ്ങളെ വിലമതിച്ചുകൊണ്ടിരിക്കുന്നതായിരിക്കും. ഓരോരുത്തർക്കും അവരുടേതായ സംസ്കാരമുണ്ട്. അല്ലെങ്കിൽ പാരമ്പര്യങ്ങളുണ്ട്. മതങ്ങളുണ്ട്. അതനുസരിച്ച് അവരുടെ ആദരവും ബഹുമാനവും നിൽക്കുന്നതായിരിക്കും. മാനുഷികമായ മൂല്യങ്ങൾ നിലനിൽക്കുകയാണെങ്കിൽ, ധാർമികമായ മൂല്യങ്ങൾ നിലനിൽക്കുകയാണെങ്കിൽ പിന്നീട് ഒരുതരത്തിലുള്ള conflict വും ഒരിക്കലുമുണ്ടാകുകയില്ല. പരസ്പരം ഒരു തരത്തിലുള്ള സംഘട്ടനവും ഉണ്ടാകുകയില്ല. അതുകൊണ്ട് ധാർമികപരമായ മൂല്യങ്ങളെ സംരക്ഷിക്കാൻ എപ്പോഴും നമ്മൾ അഹ്മദി മുസ്‌ലിമീങ്ങൾ പരിശ്രമിക്കുന്നുണ്ടെന്നും എല്ലാ നല്ല മനുഷ്യരും പരിശ്രമിക്കുന്നവരാണെന്നും നമ്മൾ ഓർക്കേണ്ടതാണ്. വിവിധസംസ്കാരങ്ങൾ ഉണ്ടാവട്ടെ, വിവിധ തരത്തിലുള്ള ആളുകളുമുണ്ടാവട്ടെ പക്ഷേ, എല്ലാ ഓരോരുത്തരിലും നല്ല കാര്യങ്ങളുമുണ്ട്. ചീത്തക്കാര്യങ്ങളുമുണ്ട്. എന്നല്ല ചില ഉന്നതമായ കാര്യങ്ങളുമുണ്ട്, അതിനെ മറ്റുള്ളവരും സ്വായത്തമാക്കേണ്ടതാണ്. എന്നല്ല നിങ്ങൾക്കെവിടെ നിന്നെങ്കിലും ഏതു നല്ല കാര്യം കിട്ടിയാലും, അവർ മുസ്‌ലിമാകണമെന്ന് നിർബന്ധമൊന്നുമില്ല, എവിടെ നിന്നാണെങ്കിലും, ഏതു മതത്തിൽനിന്നും കിട്ടാവുന്നതാണ്, ഏതു മനുഷ്യനിൽ നിന്നാണെങ്കിലും കിട്ടാവുന്നതാണ്, അവർ ഒരു മതത്തിലും വിശ്വസിക്കാത്തവരാണെങ്കിലും അതു നിങ്ങളുടെ കളഞ്ഞുപോയ അനന്തരാവകാശമാണെന്ന് മനസ്സിലാക്കുക എന്നുവരെ നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു. അതു കരസ്ഥമാക്കുക. അതനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുക. അതിനാൽ നല്ല values എല്ലാ ഓരോരുത്തരിലുമുണ്ട്. നല്ലവരായ ഓരോ മനുഷ്യരും അതിനെ വിലമതിക്കേണ്ടതാണ്. വിലമതിച്ചാൽ മാത്രംപോര, സ്വായത്തമാക്കേണ്ടതാണ്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: പിന്നെയുള്ളത് സ്ത്രീകളുടെ അവകാശമാണ്. ഇതിനെ സംബന്ധിച്ചും ഇസ്‌ലാം അധ്യാപനം നല്കി. ഇസ്‌ലാം സ്ത്രീകൾക്ക് വിദ്യാഭ്യാസ അവകാശം നല്കി. പിന്നീട് വിശുദ്ധ ഖുർആനിൽ പുരുഷന്മാർ സ്ത്രീകളോടു നല്ലരീതിയിൽ പെരുമാറണമെന്ന് എഴുതി. പിന്നീട് സ്ത്രീകൾക്ക് അനന്തരാവകാശത്തിലും അവകാശം നല്കി. മാതാക്കളുടെ കാല്ക്കീഴിലാണ് സ്വർഗമെന്ന് നബി(സ)തിരുമേനി പറഞ്ഞു. അതായത് മാതാവ്, സ്ത്രീ എന്നു പറയുന്നവർ നല്ല ശിക്ഷണം നല്കി തങ്ങളുടെ സന്താനങ്ങളെ സ്വർഗത്തിൽകൊണ്ടുപോകുന്ന അസ്തിത്വങ്ങളാണ്. അവർ മനുഷ്യജീവിതത്തെ സ്വാധീനിക്കുന്ന ചുറ്റുപാടുകളെ സ്വർഗമാക്കുന്നവരുമാണ്. ഈ സമൂഹത്തെ സ്വർഗസ്ഥരാക്കുന്നവരാണ്. അവർ താമസിക്കുന്ന ഈ നഗരത്തെ, ഈ രാജ്യത്തെ സ്വർഗമാക്കുന്നവരാണ്. ഇസ്‌ലാം സ്ത്രീകൾക്ക് നല്കിയ ആദരവും ബഹുമാനവും അവർക്കു നല്കിയ സ്ഥാനവും എന്താണെന്നാൽ സമുദായങ്ങളുടെ നിർമാണത്തിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നത് സ്ത്രീകൾതന്നെയാണ്. ഒരു നല്ല സ്ത്രീ, നല്ല സ്വഭാവങ്ങളുള്ള സ്ത്രീ, വിദ്യാഭ്യാസമുളളസ്ത്രീക്കുമാത്രമെ തങ്ങളുടെ കുട്ടികൾക്ക്, അവർ രാജ്യത്തിന്റേയും സമുദായത്തിന്റേയും സേവകരാകുന്നതിനു വേണ്ടുന്ന ശിക്ഷണം നല്കാൻ കഴിയൂ. അതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇസ് ലാം സ്ത്രീകൾക്കും ഒരു പദവി നല്കുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ചർച്ചിന്റെ പ്രതിനിധിയും വന്നിരുന്നു. അവർ മതപരമായ സഹിഷ്ണുതയെ കുറിച്ച് സംസാരിച്ചു. വളരെ നല്ല കാര്യമാണ്. മതപരമായ സഹിഷ്ണുത തീർച്ചയായും വേണ്ടതാണ്. മുമ്പേയും ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. എപ്പോഴും പരസ്പരമുള്ള ചിന്താഗതികളും മതത്തിന്റെ എന്നല്ല പാരമ്പര്യങ്ങളുണ്ടല്ലോ അതും പരിഗണിക്കേണ്ടതാണ്. അതിനെ ബഹുമാനിക്കേണ്ടതാണ്. അപ്പോഴാണ് മതപരമായ സഹിഷ്ണുതയും നിലനില്ക്കുന്നത്. വിശുദ്ധ ഖുർആനിലെ ആദ്യത്തെ അധ്യായത്തിലും അല്ലാഹു ഇതുതന്നെയാണ് എഴുതിയിട്ടുള്ളത്. അതായത് അല്ലാഹു സർവലോകപരിപാലകനാണെന്ന്! അവൻ ക്രിസ്ത്യാനികളുടേയും പരിപാലകനാണ്. അവൻ മുസ്‌ലിമീങ്ങളുടേയും പരിപാലകനാണ്. അവൻ യഹൂദികളുടേയും പരിപാലകനാണ്. അവൻ ഹിന്ദുക്കളുടേയും പരിപാലകനാണ്. അവൻ എല്ലാ മതങ്ങളുടേയും പരിപാലകനാണ്. എന്നല്ല അവനിൽ വിശ്വസിക്കാത്തവരുടേയും പരിപാലകനാണ്. ഇതുതന്നെയാണ് നമ്മുടെ വിശ്വാസം. അല്ലാഹു പരിപാലിക്കുന്നവനാണ്, എല്ലാവർക്കും നല്കുന്നവനാണ്, അതുകൊണ്ട് ലോകത്തിലെ വസ്തുക്കളിൽനിന്ന് നമ്മൾ ഫലവുമെടുക്കുന്നു. അതു അവനിൽനിന്ന് തന്നെയാണ് ലഭ്യമാകുന്നത്; ഏതു മതവുമായി ബന്ധം വെക്കുന്നവനായാലും. അല്ലാഹു എല്ലാ ഓരോരുത്തരേയും പരിപാലിക്കുന്നു. അവൻ റബ്ബുൽആലമീൻ എന്ന് പറഞ്ഞതിനോടൊപ്പം റഹ്മാനാണെന്നും റഹീമാണെന്നും ആവശ്യപ്പെടാതെ നല്കുന്നവനാണെന്നും മനുഷ്യരുടെമേൽ കരുണ ചെയ്യുന്നവനാണെന്നും ചോദിക്കുന്നവർക്കും അതിനെക്കാളുപരി നല്കുന്നുവെന്നും പറഞ്ഞിരിക്കുന്നു. അതായത് അല്ലാഹു അവനെ ആരാധിക്കുന്നവനും ആരാധിക്കാത്തവനും ചോദിക്കുന്നവനും ചോദിക്കാത്തവനും അവന്റെ റഹ്മാനിയത്തിന്റെ തേട്ടം എല്ലാ ഓരോരുത്തരേയും തന്റെ കരുണകൊണ്ട് അനുഗ്രഹിച്ചുകൊണ്ടിരിക്കുക എന്നാണ്. അവന്റെ ആവശ്യം പൂർത്തിയാക്കിക്കൊണ്ടിരിക്കുക എന്നാണ്. ചോദിക്കുന്നവന് അതിനെക്കാൾ കൂടുതൽ കൊടുത്തുകൊണ്ടിരിക്കുക എന്നതാണ്. അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ ആരെങ്കിലും അവനെ ആരാധിക്കുകയാണെങ്കിലും വേണ്ടില്ല ആരാധിച്ചി

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ര്‍ വീക്കിലി ഖാദിയാന്‍ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 25 August 2022 Issue-34

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ല്ലെങ്കിലും വേണ്ടില്ല അവനോടു ആരെങ്കിലും ചോദിക്കുകയാണെങ്കിലും വേണ്ടില്ല ചോദിച്ചില്ലെങ്കിലും വേണ്ടില്ല അവന്റെ റഹ്മാനിയ്യത്ത് അഥവാ പരമകാരുണികതയുടെ തേട്ടം എല്ലാവരേയും തന്റെ കാരുണ്യംകൊണ്ട് അനുഗ്രഹിക്കുകയും അവന്റെ ആവശ്യങ്ങള്‍ പൂര്‍ത്തിയാക്കിക്കൊടുക്കുകയും ചെയ്യുക എന്നതാണ്. ചോദിക്കുന്നവര്‍ക്ക് കൂടുതല്‍ നല്കുന്നവനാണ്.

ഹുദൂര്‍ പറഞ്ഞു: ചര്‍ച്ചിന്റെ പ്രതിനിധി ചില കാര്യങ്ങള്‍ പറയുകയുണ്ടായി. നമ്മുടെ ഇടയില്‍ അഭിപ്രായവ്യത്യാസങ്ങളുണ്ട്. സ്ത്രീകളെ കുറിച്ച് അല്ലെങ്കില്‍ ഇന്ന ഇന്ന കാര്യങ്ങളെ കുറിച്ച് അഭിപ്രായഭിന്നതകളുണ്ട്. പക്ഷേ, അഭിപ്രായ ഭിന്നതകള്‍ എന്തായാലുമുണ്ട്. ഞാന്‍ പറഞ്ഞതുപോലെ ഓരോ മതത്തിനും അവരുടേതായ അധ്യാപനമുണ്ട്. അതില്‍ അഭിപ്രയാവ്യത്യാസങ്ങളുമുണ്ടാകുന്നു. എന്നാല്‍, ഉദ്ദേശ്യമെന്താണെന്ന് നോക്കുക എന്നതാണ് യഥാര്‍ഥ കാര്യം. എവിടെയെങ്കിലും ഇസ്‌ലാം സ്ത്രീകളെ സംബന്ധിച്ച് ചില കാര്യങ്ങള്‍ പറഞ്ഞിട്ടുണ്ടെങ്കില്‍ അതായത് ഇന്നത് ചെയ്യരുതെന്ന് പറഞ്ഞിട്ടുണ്ടെങ്കില്‍ അതിന്റെ അര്‍ഥം സ്ത്രീകളുടെ ആദരവ് കുറച്ചുകാണിക്കുക എന്നതല്ല. സ്ത്രീകളുടെ പദവി ഇകഴ്ത്തി കാണിക്കുക എന്നതല്ല. പ്രത്യുത അതിന്റെ ഉദ്ദേശ്യം അതുമുഖേന സ്ത്രീകളുടെ പദവിയും ബഹുമതിയും നിലനിറുത്തുക എന്നതാണ്. ഞാന്‍ മുമ്പേയും പറഞ്ഞതുപോലെ അതായത് സ്ത്രീയുടെ കാല്‍ക്കീഴിലാണ് സ്വര്‍ഗമെന്നും പുരുഷന്റെ കാല്‍ക്കീഴിലല്ലെന്നും നബി(സ)തിരുമേനി പറഞ്ഞതിനെക്കാള്‍ വലിയ കാര്യം മറ്റെന്താകാനാണ്. ഈ സ്ഥാനം സ്ത്രീക്ക് ലഭിച്ചത് സ്വന്തം മക്കളെ പരിപാലിച്ച് ഒരു ജനത ആക്കിയതു കൊണ്ടാണ്. സുകൃതവതിയായ സ്ത്രീയുടെ മടിയില്‍ പരിപാലിക്കപ്പെടുന്നവരാണ് പിന്നീട് നിയമങ്ങളെ ബഹുമാനിക്കുന്നവരാകുന്നത്. ഉന്നത സ്വഭാവം പുലര്‍ത്തുന്നവരാകുന്നത്. സ്വഭാവപരമായ മൂല്യങ്ങള്‍ സംരക്ഷിക്കുന്നവരാകുന്നത്. അവരില്‍ ക്ഷമിക്കാനുള്ള കഴിവ് നിലനില്ക്കുന്നു. പരസ്പരം മതങ്ങളുമായി സാഹോദര്യ ബന്ധം പുലര്‍ത്തുന്നവരാകുന്നു. ഉദ്ദേശ്യമെന്താണെന്നാണ് അടിസ്ഥാന പരമായ കാര്യം. ഉദ്ദേശ്യം നല്ലതാണെങ്കില്‍ ശേഷിക്കുന്നത് അധ്യാപനങ്ങളാണ്. അത് വിവിധ മതങ്ങളുടേത് വ്യത്യസ്തമാണെന്നാണ് എന്റെ അഭിപ്രായം. ഓരോരുത്തരും അവരവരുടെ മതങ്ങള്‍ക്കനുസരിച്ച് പ്രവര്‍ത്തിക്കേണ്ടതാണ്.

ലോകത്ത് ഭിന്നതകള്‍ ദൂരീകരിക്കാന്‍ നമുക്കിടയിലുള്ള എല്ലാവരും യോജിക്കുന്ന കാര്യങ്ങളിലേക്ക് നോക്കുക എന്നതാണ് ഒരു പ്രധാന കാര്യം. നമുക്കിടയിലുള്ള വ്യത്യാസങ്ങളെന്താണെന്ന് നോക്കുക അല്ല വേണ്ടത്. വേദക്കാരോട്, ഇതര മതസ്തരോട്, യഹൂദരോട്, ക്രൈസ്തവരോട് വിശുദ്ധ ഖുര്‍ആന്‍ പറയുന്നത്, നമുക്കിടയിലുള്ള എല്ലാവരും യോജിക്കുന്ന കാര്യങ്ങളിലേക്ക് നോക്കാനാണ്. നമ്മുടെ അധ്യാപനങ്ങളിലെ വിശദാംശങ്ങളിലേക്കല്ല നോക്കേണ്ടത്. നമുക്കിടയിലുള്ള പൊതുവായ കാര്യമെന്താണെന്നാണ് നോക്കേണ്ടത്. ആ പൊതുവായ കാര്യം ഏകനായ ദൈവമാണ്. ഞങ്ങള്‍ അവനെ ആരാധിക്കുന്നവരാണ്. ഞങ്ങള്‍ അവനെ അംഗീകരിക്കുന്നു. അവന്‍ എല്ലാവരേയും പരിപാലിക്കുന്നു. ഈ പൊതുവായകാര്യം എല്ലാ മതങ്ങളിലും നിലനില്ക്കുന്നുണ്ട്. നമ്മള്‍ ഇക്കാര്യം മനസ്സിലാക്കുമ്പോള്‍, ഏകദൈവത്തെ ആരാധിക്കുന്നവരാകുമ്പോള്‍, അവനോടുള്ള കടമകള്‍ പൂര്‍ത്തിയാക്കുമ്പോള്‍, എല്ലാവരേയും ദൈവമാണ് സ്വഷ്ടിച്ചതെന്നും നമ്മള്‍ അവന്റെ സ്വഷ്ടികളാണെന്നും മനസ്സിലാക്കുമ്പോള്‍ മതപരമോ സംസ്കാരപരമോ ഇതര തരത്തിലുള്ള ശാഖാപരമോ ആയ എല്ലാത്തരം അഭിപ്രായ വ്യത്യാസങ്ങളും അതോടെ അവസാനിക്കുന്നു.

ഞാന്‍ മുമ്പേയും സൂചിപ്പിച്ചിട്ടുള്ള മാനുഷികമായ മൂല്യങ്ങളെ കുറിച്ച് മേയര്‍ സാഹിബയും പറഞ്ഞിരുന്നു. ഇപ്പോളിത് ഈ പട്ടണത്തിന്റേയോ ആ പട്ടണത്തിന്റേയോ കാര്യങ്ങളല്ല. ഇപ്പോള്‍ ഭൂഗോളം മുഴുവനും ഒരു ഗ്രാമമായി കഴിഞ്ഞിരിക്കുന്നു. നമ്മുടെ ഉള്ളില്‍ ക്ഷമിക്കാനുള്ള ഗുണം ഉണ്ടാകുന്നതിനോടൊപ്പം ഇതര മതങ്ങളെ ആദരിക്കാനും ബഹുമാനിക്കാനുമുള്ള ഗുണവും ഉണ്ടാകേണ്ടത് ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന് അനിവാര്യമായ കാര്യമാണ്. അപ്പോള്‍ നമുക്ക് യഥാര്‍ഥത്തില്‍ പരസ്പരം സമാധാനത്തോടും സ്നേഹത്തോടും ശാന്തിയോടുംകൂടി ജീവിക്കാന്‍ സാധിക്കും.

സംസ്ഥാന അസംബ്ലി അംഗം സ്വാതന്ത്ര്യത്തിന്റെ അവകാശങ്ങളെ കുറിച്ച് പറഞ്ഞു. ഇതെല്ലാം വളരെ നല്ല കാര്യമാണ്. ഞങ്ങളിവിടെ വന്ന് ഞങ്ങളെ ഇവിടവുമായി ലയിപ്പിച്ചത് കേവലം സ്വന്തം ആവശ്യങ്ങള്‍ക്കു വേണ്ടി മാത്രമല്ല, ഇവിടെ വന്ന അധിക അഹ്മദികളും സ്വന്തം നാട്ടില്‍ മര്‍ദ്ദനത്തിന് ഇരയായിരുന്നു. മതപരമായ സ്വാതന്ത്ര്യം അവര്‍ക്ക് ലഭിച്ചിരുന്നില്ല. അവരുടെ വളരെയധികം അവകാശങ്ങള്‍ കവര്‍ന്ന് എടുക്കപ്പെട്ടിരുന്നു. അതിനാലാണ് അവര്‍ ഇവിടെ വന്നത്. എന്നാല്‍, ഞങ്ങള്‍ ഇവിടെ ലയിക്കുന്നുണ്ടെങ്കില്‍ ഇവിടെ വന്ന് ഈ സൗകര്യം ഞങ്ങള്‍ക്ക് ലഭിച്ചതുകൊണ്ട് മാത്രമല്ല, ഞങ്ങളിവിടെ ഇക്കാര്യങ്ങള്‍ വെളിപ്പെടുത്താതിരുന്നാല്‍ ഈ സൗകര്യങ്ങള്‍ തിരിച്ചെടുക്കപ്പെടാമായിരുന്നു. അതും അനിവാര്യമാണെന്നതില്‍ സംശയമില്ല. മനുഷ്യരോട് നന്ദി കാണിക്കാത്തവന്‍ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല. ഈ അടിസ്ഥാനത്തില്‍ ഇത് നമ്മുടെ മതപരമായ ഉത്തരവാദിത്വമാണ്. ഞങ്ങള്‍ ഇവിടുത്തെ ഭരണകൂടത്തോടും ഇവിടുത്തെ ജനങ്ങളോടും നന്ദി പറയുന്നു. അവര്‍ ഞങ്ങള്‍ക്കിവിടെ താമസിക്കാന്‍ അനുമതി നല്കി. ഞങ്ങള്‍ക്ക് ഞങ്ങളെ ഇവിടെ ലയിപ്പിക്കാനുള്ള അനുമതി നല്കി. ഇതു കാരണത്താല്‍ ഞങ്ങള്‍ക്ക് മതപരമായ സ്വാതന്ത്ര്യമുണ്ട്. മറ്റു സ്വാതന്ത്ര്യങ്ങളുമുണ്ട്. എന്നാല്‍, ഇതോടൊപ്പം ഈ രാജ്യത്തിന്റെ നിയമങ്ങള്‍ പാലിക്കുക എന്നതും ഇവിടുത്തെ ജനങ്ങളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നതും ഞങ്ങളുടെ വിശ്വാസത്തിന്റെ ഭാഗവുമാണ്. രാജ്യത്തോടുള്ള സ്നേഹം നിങ്ങളുടെ വിശ്വാസത്തിന്റെ ഭാഗമാണെന്ന് നബി(സ)തിരുമേനി അതുകൊണ്ടാണ് പറഞ്ഞത്. അതുകൊണ്ട് ഏത് രാജ്യത്തോടാണോ ഞങ്ങള്‍ ഞങ്ങളെ ലയിപ്പിച്ചത്, ഏതു രാജ്യത്തിലാണോ ഞങ്ങള്‍ വന്നത്, അവിടുത്തെ പൗരത്വം ഞങ്ങള്‍ക്ക് ലഭിച്ചു. ഈ രാജ്യത്ത് ചില സ്ഥലങ്ങളില്‍ നമ്മുടെ രണ്ടും മൂന്നും തലമുറ തുടങ്ങി കഴിഞ്ഞു. ഇപ്പോള്‍ ജര്‍മനി എന്ന ഈ രാജ്യം അവരുടെ രാജ്യമാണ്. ഇതിനോടു കൂറു പുലര്‍ത്തുക എന്നതും ജര്‍മനിയുടെ നിയമങ്ങള്‍ പാലിക്കുക എന്നതും ഇതിലെ ഓരോ പൗരനോടും സല്‍പ്പെരുമാറ്റം നടത്തുക എന്നതും സല്‍സ്വഭാവത്തോടെ പെരുമാറുക എന്നതും മതപരമായ സഹവര്‍ത്തിത്വം നടത്തുക എന്നതും ക്ഷമ പുലര്‍ത്തുക എന്നതും രാജ്യത്ത് സമാധാനം നിലനിറുത്തുന്നതിന് അനിവാര്യമാണ്. രാജ്യത്ത് സമാധാനം നിലനിറുത്തുക എന്നതും നമ്മുടെ വിശ്വാസത്തിന്റെ ഭാഗമാണ്. കാരണം ഇതില്‍നിന്നു തന്നെയാണ് രാജ്യത്തിന്റെ സാമൂഹിക ജീവിതം പുരോഗതി പ്രാപിക്കുന്നത്. ഇതില്‍ നിന്നുമാണ് രാജ്യം മറ്റൊരു വിധത്തില്‍ സുസ്ഥിരത പ്രാപിക്കുന്നത്. അതുകൊണ്ട് വിശ്വാസവും നമ്മെ പ്രേരിപ്പിക്കുന്നത് ഇവിടെ താമസിച്ചുകൊണ്ട് ഈ രാജ്യത്തിന് സേവനം ചെയ്യണമെന്നാണ്. ആര് ഏത് മതവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നോ അഥവാ നിയമം ഏതാണെന്നോ നോക്കാതെ അതു പാലിക്കല്‍ നമുക്ക് അനിവാര്യമാണ്. ഓരോ സത്യവാനായ മുസലിമും രാജ്യത്തെ സേവിക്കുക എന്നത് അനിവാര്യമാണ്.

മതസ്വാതന്ത്ര്യത്തെ കുറിച്ചും ഇവിടെ പരാമര്‍ശമുണ്ടായി. മത സ്വാതന്ത്ര്യം നിലനിറുത്തപ്പെടുമ്പോള്‍ മാത്രമേ സമാധാനം വെളിപ്പെടുകയുള്ളൂ എന്ന് ഞാന്‍ വീണ്ടും പറയുന്നു. പരസ്പരം മതങ്ങളെ കുറിച്ച് കുത്തുവാക്ക് പറഞ്ഞാല്‍ സമാധാനം നിലനില്ക്കുക സാധ്യമല്ല. അസ്വസ്ഥതകള്‍ ഉണ്ടാക്കാനെ അതു ഉപകരിക്കുകയുള്ളു. അതുകൊണ്ട് എന്നും നമ്മള്‍ പരിശ്രമം തുടരേണ്ടത് അനിവാര്യമാണ്. ക്രിസ്ത്യാനിയോ ജൂതനോ മുസ്‌ലിമോ ഹിന്ദുവോ സിഖോ മറ്റേത് മതവുമായി ബന്ധപ്പെട്ട വ്യക്തിയായാലും അവര്‍ ഇതര മതത്തെ ആദരിക്കുകയും ബഹുമാനിക്കുകയും വേണം. ഏതുമതം അവലംബിച്ചാലും അത് വെളിപ്പെടുത്താനും അതനുസരിച്ച് പ്രവര്‍ത്തിക്കാനും സാധിക്കണം.

മതം ഹൃദയവുമായി ബന്ധപ്പെട്ട കാര്യമാണെന്നും അതില്‍ ഒരുവിധ നിര്‍ബന്ധവുമില്ലെന്നും വിശുദ്ധ ഖുര്‍ആന്‍ പ്രഖ്യാപിക്കുന്നു. നിര്‍ബന്ധമില്ലെങ്കില്‍, ഹൃദയവുമായി ബന്ധപ്പെട്ട കാര്യമാണെങ്കില്‍ എല്ലാ

ശേഷം പേജ് 10 ല്‍

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin